2023
JUNE
23
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ടെസ്‌ലയും സ്റ്റാർലിങ്കും ഇന്ത്യയിലേക്ക്

**ന്യൂയോർക്ക്:** പ്രധാനമന്ത്രി നരേന്ദ്രമോദിയും ടെസ്‌ല, സ്പെയ്സ് എക്സ് സിഇഒ ഇലോൺ മസ്കുമായുള്ള കൂടിക്കാഴ്ചയിൽ സ്റ്റാർലിങ്ക് പദ്ധതിയും ചർച്ചയായി. കൃത്രിമ ഉപഗ്രഹങ്ങളുടെ സഹായത്തോടെ ഭൂമിയിൽ എവിടെയും അതിവേഗം, കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് എത്തിക്കുന്ന സ്പെയ്സ് എക്സിന്റെ പദ്ധതിയാണ് സ്റ്റാർലിങ്ക്. ഇന്ത്യയുടെ വിദൂരഗ്രാമങ്ങളിലേക്ക് ഇന്റർനെറ്റ് എത്തിക്കാനുള്ള കമ്പനിയുടെ ശേഷിയും മസ്ക് മോദിയോട് വിവരിച്ചു. അടുത്ത വർഷം ഇന്ത്യയിൽ എത്തുമെന്നും മസ്ക് പറഞ്ഞു. ടെസ്‌ല പ്ലാന്റുകൾ ഇന്ത്യയിൽ ആരംഭിക്കുമെന്ന് കമ്പനി നേരത്തെ വ്യക്തമാക്കിയിരുന്നു.

ഇതു കഴിയുന്നത്ര വേഗത്തിലാക്കും. മോദിയുടെ ആരാധകനെന്ന് ആദ്യം തന്നെ വ്യക്തമാക്കിയ മസ്ക് ഇന്ത്യയിൽ നിക്ഷേപം നടത്താൻ വലിയ താൽപര്യമുണ്ടെന്നും അറിയിച്ചു. ഇന്ത്യയുടെ പുരോഗതിയിൽ ക്രിയാത്മകമായി സംഭാവന ചെയ്യും. ലോകത്തിലെ മറ്റു വലിയ രാജ്യങ്ങളെക്കാൾ സാധ്യതകളുള്ള രാജ്യമാണ് ഇന്ത്യ. ഇന്ത്യയുടെ ഭാവിയെക്കുറിച്ചോർക്കുമ്പോൾ തനിക്ക് ആവേശമാണെന്നും മസ്ക് പറഞ്ഞു. ഹെഡ്ജ് ഫണ്ട് സ്ഥാപകൻ റേ ഡാലിയോ, നൊബേൽ സമ്മാന ജേതാവു കൂടിയായ സാമ്പത്തിക ശാസ്ത്രജ്ഞൻ പോൾ റോമർ തുടങ്ങിയവരുമായും മോദി കൂടിക്കാഴ്ച നടത്തി.

## പാൽ വിൽപ്പന കൂടിയെന്ന് മിൽമ

**തിരുവനന്തപുരം :** പ്രതിദിന ശരാശരി വിൽപ്പനയിൽ വർധവുണ്ടായെന്ന് മിൽമ. ജനുവരി മുതൽ മേയ് വരെ മിൽമയുടെ പ്രതിദിന ശരാശരി വിൽപ്പന 16.27 ലക്ഷം ലി റ്ററാണ്. കഴിഞ്ഞ വർഷം ഓഗസ്റ്റ് മുതൽ ഡിസംബർ വരെ ഇത് 15.95 ലക്ഷം ലിറ്ററായിരുന്നു. ഗുണനിലവാരം നിലനിർത്തിയും നൂതന വിപണന രീതികൾ ആവിഷ്ക്കരിച്ച!തുമാണ് വിപണിയിൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞതെന്ന് മിൽമ ചെയർമാൻ കെ.എസ്.മണി പറഞ്ഞു.

## നരേന്ദ്രമോദി, ബൈഡൻ കൂടിക്കാഴ്ച



# ബഹിരാകാശ പര്യവേഷണത്തിൽ സഹകരണത്തിന് ധാരണ

**വാഷിങ്ടൻ:** ബഹിരാകാശ പര്യവേഷണത്തിൽ സഹകരണത്തിന് ധാരണയായതായി യുഎസ് സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയുടേയും യുഎസ് പ്രസിഡന്റ് ജോ ബൈഡന്റെയും സംയുക്ത പ്രസ്താവന.

ബെംഗളൂരുവിലും അഹമ്മദാബാദിലും യുഎസ് കോൺസുലേറ്റ് തുടങ്ങുവാനും തീരുമാനമായി. പകരം, സിയാറ്റിൽ ഇന്ത്യ കോൺസുലേറ്റ് തുടങ്ങും. ഇന്ത്യ യുഎസ് സാമ്പത്തിക ഇടപാട് വർധിച്ചുവെന്ന് ജോ ബൈഡൻ പറഞ്ഞു. ഇരുവരുടേയും ഉഭയകക്ഷി ചർച്ചയിൽ യുക്രെയ്ൻ യുദ്ധവും ഉയർന്നുവന്നു. റഷ്യയെ കുറ്റപ്പെടുത്തിയായിരുന്നു ബൈഡൻ സംസാരിച്ചത്. എന്നാൽ, ഇതിന് റഷ്യയെ വിമർശിക്കാതെയായിരുന്നു നരേന്ദ്രമോദിയുടെ മറുപടി. യുക്രെയ്ൻ പ്രശ്നത്തിൽ ചർച്ചയിലൂടെ പരിഹാരം വേണമെന്ന് മോദി ആവശ്യപ്പെട്ടു. വാണിജ്യ പ്രതിരോധ മേഖലയിലെ സഹകരണം വർധിപ്പിക്കാനും ചർച്ചയിൽ തീരുമാനിച്ചു. നിലവിലെ രാജ്യാന്തര സാമൂഹിക വിഷയങ്ങളും ചർച്ചയായി.

യുഎസ് സമയം വ്യാഴാഴ്ച രാവിലെ വൈറ്റ് ഹൗസിലെത്തിയ പ്രധാനമന്ത്രിയെ ഗാർഡ് ഓഫ് ഓണർ നൽകിയാണ് സ്വീകരിച്ചത്. വൈറ്റ് ഹൗസിലെ സൗത്ത് ലോണിൽ നിരവധി ഇന്ത്യക്കാർ പ്രധാനമന്ത്രിയെ സ്വീകരിക്കാൻ കാത്തുനിന്നിരുന്നു. വിദേശകാര്യമന്ത്രി എസ്.ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, വിദേശകാര്യ സെക്രട്ടറി വിനയ് ക്വാത, യുഎസിലെ ഇന്ത്യൻ അംബാസഡർ തരൺജിത് സന്ധു തുടങ്ങിയവരും പ്രധാനമന്ത്രിക്കൊപ്പം വൈറ്റ് ഹൗസിലെത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയെന്ന നിലയിൽ 6 തവണ യുഎസ് സന്ദർശിച്ചിട്ടുണ്ടെങ്കിലും മോദിയുടെ ഇത്തവണത്തെ യാത്ര സ്റ്റേറ്റ് സന്ദർശനമാണ്. ടാർമാക്കിൽ സ്വീകരണം, ആചാരവെടി, വൈറ്റ് ഹൗസിൽ ഔദ്യോഗിക സ്വീകരണം, ഔദ്യോഗിക വിരുന്ന് എന്നിവയെല്ലാം സ്റ്റേറ്റ് സന്ദർശനത്തിന്റെ പ്രത്യേകതയാണ്.

## 1,000 കോടി കൂടി സർക്കാർ കടമെടുക്കുന്നു

**തിരുവനന്തപുരം :** മന്ത്രിമാരുടെ ഭരണപരമായ ചെലവുകൾക്കായി സർക്കാർ 1,000 കോടി രൂപ കൂടി കടമെടുക്കുന്നു. ഈ മാസം 26നാണ് റിസർവ് ബാങ്ക് വഴി പൊതുവിപണിയിൽ നിന്നു കടമെടുക്കുക. ഇതോടെ ഈ വർഷം ഇതുവരെയുള്ള കടമെടുപ്പ് 7,000 കോടി രൂപയാകും. കേരളത്തിന് ഈ വർഷം കടമെടുക്കാവുന്ന തുക 20,521 കോടി രൂപയാണെന്ന് കഴിഞ്ഞയാഴ്ച കേരളത്തെ കേന്ദ്രം അറിയിച്ചിരുന്നു. ഈ തുക കൊണ്ട് ഈ വർഷത്തെ ചെലവുകൾ വഹിക്കാൻ കഴിയില്ലെന്നാണ് ധനവകുപ്പ് വൃത്തങ്ങൾ പറയുന്നത്. ഓഗസ്റ്റിൽ ഓണം വരെ വലിയ ബുദ്ധിമുട്ടില്ലാതെ മുന്നോട്ടു പോകാം. അതു കഴിഞ്ഞാൽ കടുത്ത പ്രതിസന്ധി നേരിടേണ്ടി വരുമെന്നാണ് കണക്കുകൂട്ടൽ.



# തൊഴിൽതീരം പദ്ധതിക്ക് തുടക്കമാകുന്നു

**ആലപ്പുഴ:** കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ ഡിസ്കിന്റെ) കീഴിൽ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ തൊഴിൽതീരം എന്ന പദ്ധതി നടപ്പാക്കുന്നു.

മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട തൊഴിലന്വേഷകർക്കായി ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ ആരംഭിക്കുന്ന പ്രത്യേക വൈജ്ഞാനിക തൊഴിൽ പദ്ധതിയാണ് തൊഴിൽതീരം. പദ്ധതിയുടെ ജില്ലയിലെ ഉദ്ഘാടനം ഇന്ന് ചേർത്തലയിലെ ക്യാമ്പ് ഓഫീസിൽ മന്ത്രി പി പ്രസാദ് നിർവഹിക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

**ആലപ്പുഴ:** വണ്ടാനം ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് 230/36 വി സിംഗിൾ ഫെയ്സ് യു.പി.എസ്. വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ജൂൺ 26ന് വൈകിട്ട് മൂന്ന് വരെ സൂപ്രണ്ട്, ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളജ് ആശുപത്രി, വണ്ടാനം, ആലപ്പുഴ എന്ന വിലാസത്തിൽ നൽകാം.

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള കോതമംഗലം ഐ.സി.ഡി.എസ്. പ്രൊജക്റ്റ് 202223 സാമ്പത്തിക വർഷം അങ്കണവാടികൾക്ക് പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് സാധനങ്ങൾ വാങ്ങുന്നതിനും, വിതരണം ചെയ്യുന്നതിനും വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ ഏഴ്. കൂടുതൽ വിവരങ്ങൾക്ക് 04852828161, 9188959728 എന്ന നമ്പറിൽ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി അർബൻ 1 ഐ.സി.ഡി.എസ്സിലെ 136 അങ്കണവാടികൾക്ക് 202223 സാമ്പത്തിക വർഷത്തിൽ പ്രീ സ്കൂൾ കിറ്റ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചു.

ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തിയതി: 2023 ജൂലൈ 5ന് ഉച്ചയ്ക്ക് 1ന് കൂടുതൽ വിവരങ്ങൾക്ക് മട്ടാഞ്ചേരി കൊച്ചി അർബൻ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 04842227284 മൊബൈൽ : 9847111531.

**കൊച്ചി:** എറണാകുളം ജില്ലയിലെ ആലങ്ങാട് ഐസിഡിഎസ് പ്രോജക്ടിലെ 164 അങ്കണവാടികളിലേക്ക് 2022 23 വർഷത്തിൽ ആവശ്യമായ പ്രീസ്ക്കൂൾ എഡ്യൂക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി മത്സരസ്വഭാവമുള്ള മുദ്ര വെച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടർ ഫോം വിൽക്കുന്ന അവസാന തീയതി: 2023 ജൂലൈ 4ന് ഉച്ചയ്ക്ക് 12 വരെ

ടെണ്ടർ ഫോം സ്വീകരിക്കുന്ന അവസാന തീയതി : 2023 ജൂലൈ 4ന് ഉച്ചയ്ക്ക് 2 വരെ

ടെണ്ടർ തുറക്കുന്ന തീയതി : 2023 ജൂലൈ 4, ഉച്ചയ്ക്ക് 3ന്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ആലങ്ങാട് ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ: 0484 2603244

# കാർഷിക മേഖലയിൽ കുടുംബശ്രീയുടെ കാർഷിക ക്ലബുകൾ

**മലപ്പുറം:** കാർഷിക മേഖലയിൽ പുതിയ ഉണർവിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ കാർഷിക ക്ലബുകൾ വരുന്നു. ജില്ലയിലെ 111 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളിലും (സി.ഡി.എസ്) ഫാർമേഴ്സ് ക്ലബുകൾ രൂപീകരിച്ചു കൊണ്ട് സമഗ്ര കാർഷിക വികസനം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ ജില്ലാ മിഷൻ തുടക്കം കുറിച്ചു. കൃഷി, മൃഗ സംരക്ഷണം തുടങ്ങി അനുബന്ധ മേഖലകളിലെ സി.ഡി.എസിന്റെ പ്രവർത്തനങ്ങൾക്ക് കാർഷിക ക്ലബ്ബുകൾ സഹായം നൽകും.

വിവിധ വകുപ്പുകളുമായി ചേർന്ന് സ്പാർക്ക് എന്ന പേരിലാണ് കാർഷിക പ്രവർത്തനങ്ങൾക്കായുള്ള കുടുംബശ്രീയുടെ പ്രത്യേകപദ്ധതി രൂപപ്പെടുത്തുന്നത്. കുടുംബശ്രീ മുമ്പ് തുടക്കം കുറിച്ച ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ എന്ന ആശയം പുതുക്കിയാണ് സ്പർക്ക് പദ്ധതി രൂപീകരിക്കുന്നത്. പഞ്ചായത്തുകളിലെ വനിതാ, പുരുഷ കർഷകരെ ഉൾക്കൊണ്ടുള്ള കാർഷിക ക്ലബ് രൂപീകരണവും സൊസൈറ്റീസ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികളും ജില്ലയിൽ പുരോഗമിക്കുകയാണ്.

കൂട്ടുത്തരവാദിത്വ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി ലഭ്യമാക്കുക, കാർഷിക ഉപകരണങ്ങൾ 80 ശതമാനം സബ്സിഡി നിരക്കിൽ ലഭ്യമാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വാടകക്ക് ലഭ്യമാക്കുക, വനിത കാർഷിക ഘടക പദ്ധതികൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫണ്ട് വകയിരുത്തി അത് ക്ലബുകൾ വഴി നടപ്പിലാക്കുക, തൊഴിലുറപ്പ് പദ്ധതി വഴി കാർഷിക രംഗത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, കാർഷിക മൂല്യ വർധിത ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും ഏറ്റെടുത്ത് നടപ്പിലാക്കുക തുടങ്ങി നിരവധി നൂതന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന തരത്തിലാണ് കാർഷിക ക്ലബുകൾ രൂപീകരിക്കുന്നത്.

കുടുംബശ്രീ കാർഷിക മൃഗസംരക്ഷണ മേഖലയിൽ ചെയ്തു വരുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതുമായി ജില്ലാ കളക്ടറുടെ നിർദേശ പ്രകാരം വിവിധ വകുപ്പുകളുടെ ജില്ലാതല ഏകോപന യോഗം നടന്നിരുന്നു. ഫാർമേഴ്സ് ക്ലബിന് അടിസ്ഥാന സൗകര്യങ്ങൾക്ക് ധന സഹായം നൽക്കുന്നതിനും പ്രവർത്തനം ഏകോപ്പിക്കുന്നതിനു കൃഷി, മൃഗസംരക്ഷണ, ഡയറി വകുപ്പുകൾക്ക് അതത് ജില്ലാ ഓഫീസുകൾ വഴി ഏകോപനത്തിന് കത്തുകൾ നൽകിയിട്ടുണ്ട്.




# ഞാറ്റുവേല വിളംബരോത്സവം ഉദ്ഘാടനം ചെയ്തു

**ഇരിങ്ങാലക്കുട:** നഗരസഭയുടെ നേതൃത്വത്തിൽ ജൂൺ 23 ന് ആരംഭിക്കുന്ന ഞാറ്റുവേല മഹോത്സവത്തിന്റെ വിളംബരോത്സവം നടത്തി. കരുവന്നൂർ പ്രിയദർശിനി ഹാളിൽ സംഘടിപ്പിച്ച വിളംബരോത്സവം നഗരസഭാ ചെയർപേഴ്സൺ സുജ സഞ്ജീവ്കുമാർ ഉദ്ഘാടനം ചെയ്തു.

കാർഷിക സമൃദ്ധിയിലേക്ക് നാടിനൊപ്പം എന്ന ആപ്തവാക്യവുമായാണ് ഇരിങ്ങാലക്കുട നഗരസഭയുടെ ഞാറ്റുവേല മഹോത്സവം സംഘടിപ്പിക്കുന്നത്. രാജീവ് ഗാന്ധി മെമ്മോറിയൽ മുനിസിപ്പൽ ടൗൺഹാളിൽവെച്ച് ജൂൺ 23 മുതൽ ജൂലൈ 2 വരെ വിവിധ പരിപാടികൾ ഉണ്ടാകും. വൈസ് ചെയർമാൻ ടി വി ചാർളി അധ്യക്ഷത വഹിച്ചു. വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ഫെനി എബിൻ വെള്ളാനിക്കാരൻ,സി സി ഷിബിൻ, അംബിക പള്ളിപ്പുറത്ത്, മുൻ ചെയർപേഴ്സൺ സോണിയഗിരി, കൗൺസിലർ പി ടി ജോർജ്ജ്,നഗരസഭ കൗൺസിലർ രാജി കൃഷ്ണകുമാർ, കൃഷി ഓഫീസർ യു എ ആൻസി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.കർഷകർ അവരുടെ കൃഷി അനുഭവങ്ങൾ പങ്കുവെച്ചു.തുടർന്ന് കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ മത്സര പരിപാടികളും നടത്തി.

## പുഷ്പകൃഷി വികസന പദ്ധതി ഉദ്ഘാടനം ചെയ്തു

**കോഴിക്കോട്:** ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പുഷ്പകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയുടെ ഭാഗമായി തൈ നടീൽ ഉദ്ഘാടനം നരിക്കുനി ഗ്രാമപഞ്ചായത്തിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി സുനിൽകുമാർ നിർവഹിച്ചു. നരിക്കുനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കെ സലിം അധ്യക്ഷത വഹിച്ചു.

നരിക്കുനി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പാടം കൃഷിക്കൂട്ടവുമായി ചേർന്നാണ് പുഷ്പകൃഷി നടത്തുന്നത്. ഇത്തരത്തിൽ ആറ് ഗ്രാമപഞ്ചായത്തുകളിലെ 20 ഗ്രൂപ്പുകൾക്ക് പുഷ്പകൃഷി ചെയ്യാനായി 1.32 ലക്ഷം രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയത്.

ഓരോ ഗ്രാമപഞ്ചായത്തിലും 25 സെന്റ് സ്ഥലത്താണ് കൃഷി നടത്തുക.

ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സുജ അശോകൻ, ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി അംഗം, വാർഡ് മെമ്പർ ലൈല സി.പി, തുടങ്ങിയവർ പങ്കെടുത്തു.

## ദർഘാസുകൾ ക്ഷണിച്ചു

**കോഴിക്കോട്:** 2003, 24 വർഷത്തിൽ ജില്ലയിൽ കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്ക് ആവശ്യമായ തെങ്ങിൻതൈകൾ, നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, പുഷ്പ ഫലങ്ങൾ, മറ്റ് കാർഷിക ഉപകരണങ്ങൾ മുതലായവ ജില്ലയിലെ വിവിധ കൃഷിഭവനുകളിൽ എത്തിച്ചു കൊടുക്കുന്നതിനായി നിബന്ധനകൾക്ക് വിധേയമായി ലോറി വാടകക്ക് നൽകുവാൻ തയ്യാറുള്ള ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാരിൽ നിന്ന് മത്സരസ്വഭാവമുള്ള മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചു.

അടങ്കൽ തുക 4,95,000 രൂപ. പൂരിപ്പിച്ച ടെണ്ടർ ഫോറം സമർപ്പിക്കേണ്ട അവസാന തിയ്യതി : ജൂൺ 30 ന് രാവിലെ 11 മണി. ദർഘാസ് ഉൾക്കൊള്ളുന്ന കവറിന് പുറത്ത് മുകളിലായി 2023 24 വർഷത്തിൽ തെങ്ങിൻതൈകൾ, നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായ എത്തിക്കുന്നതിലേക്ക് ലോറി വാടകക്ക് ലഭ്യമാക്കുന്നതിനുള്ള ദർഘാസ് എന്ന് രേഖപ്പെടുത്തേണ്ടതും പ്രിൻസിപ്പൽ കൃഷി ഓഫീസർ കോഴിക്കോട്, സിവിൽ സ്റ്റേഷൻ എന്ന മേൽവിലാസം എഴുതേണ്ടതുമാണ്. ജൂൺ 30 ഉച്ചക്ക് 2.30നു പ്രിൻസിപ്പൽ കൃഷി ഓഫീസർ അല്ലെങ്കിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഹാജരുള്ള ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ദർഘാസുകൾ തുറക്കും.

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി നടത്തുന്ന ഒരു വർഷ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി പ്ലസ് ടു/ വി.എച്ച്.എസ്.ഇ/ ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യതയോ പാസായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റ് അർഹരായ വിഭാഗക്കാർക്ക് നിയമാനുസൃതമായ ഫീസ് ആനുകൂല്യം ലഭിക്കുന്നതാണ്. ഒ.ബി.സി/എസ്.ഇ.ബി.സി/ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കുന്നതാണ്. സിആപ്റ്റിന്റെ കോഴിക്കോട് സബ്സെന്ററിലാണ് കോഴ്സുകൾ നടത്തുന്നത്.പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തിയ്യതി ജൂൺ 30. അപേക്ഷാഫോറം 100 രൂപയക്ക് നേരിട്ടും, 135 രൂപയ്ക്ക് തപാലിലും ഓഫീസർ ഇൻ ചാർജ്, സിആപ്റ്റ്, റാം മോഹൻ റോഡ്, മലബാർ ഗോൾഡിന് സമീപം, കോഴിക്കോട് എന്ന വിലാസത്തിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് : 0495 2723666, 0495 2356591, 9400453069.

## അറിയിപ്പ്

**കോഴിക്കോട്:** കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പി എസ് സി ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നതായി എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. പി എസ് സി ഒറ്റത്തവണ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് അപ്ലോഡിങ് ,അധിക യോഗ്യത ചേർക്കൽ, സംശയ നിവാരണം തുടങ്ങിയ സേവനങ്ങൾ ഓഫീസിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : 0496 2630588




## പാപ്പച്ചൻ ഒളിവിലാണ് വീഡിയോ ഗാനം

# കൈയെത്തും ദൂരത്ത്...

സൈജു കുറുപ്പ്സ്രിന്ദദർശന എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ സിന്റോ സണ്ണി സംവിധാനം ചെയ്യുന്ന പാപ്പച്ചൻ ഒളിവിലാണ് എന്നചിത്രത്തിലെ രണ്ടാമത്തെ വീഡിയോ ഗാനം റിലീസായി.സിന്റോ സണ്ണി എഴുതിയ വരികൾക്ക് ഔസേപ്പച്ചൻ സംഗീതം പകർന്ന് വിനീത് ശ്രീനിവാസൻ ആലപിച്ച കൈയെത്തും ദൂരത്തിരുന്നെന്റെ....എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.തോമസ് തിരുവല്ല ഫിലിംസിന്റെ ബാനറിൽ തോമസ് തിരുവല്ല നിർമ്മിക്കുന്ന ഈ ചിത്രത്തിൽ അജു വർഗീസ്, വിജയരാഘവൻ, ജഗദീഷ്,ജോണി ആന്റെണി,കോട്ടയം,

ശിവജി ഗുരുവായൂർ,കോട്ടയം നസീർ,ജോളി ചിറയത്ത്,വീണ നായർ എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ.ബി കെ ഹരിനാരായണൻ, സിന്റോ സണ്ണി എന്നിവരുടെ വരികൾക്ക് ഓസേപ്പച്ചൻ ഈണം പകരുന്നു.ഛായാഗ്രഹണംശ്രീജിത്ത് നായർ, എഡിറ്റർരതിൻ രാധാകൃഷ്ണൻ,

സഹ നിർമ്മാണംവിനോദ് ഷൊർണ്ണൂർ,പ്രൊഡക്ഷൻ കൺട്രോളർപ്രശാന്ത് നാരായണൻ,കലവിനോദ് പട്ടണക്കാടൻ.കോസ്റ്റ്യൂസ്ഡിസൈൻ സുജിത് മട്ടന്നൂർ.

മേക്കപ്പ്മനോജ്, കിരൺ,ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ ബോബി സത്യശീലൻ.പ്രൊഡക്ഷൻ മാനേജർ ലിബിൻ വർഗീസ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് പ്രസാദ് നമ്പിയൻക്കാവ്,പി ആർ ഒഎ എസ് ദിനേശ്.

# ഇഷ്ടരാഗം ക്യാരക്ടർ പോസ്റ്റർ




ആകാശ് പ്രകാശ്, പുതുമുഖം ആദിത്യ, കൈലാഷ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജയൻ പൊതുവാൾ കഥയെഴുതി സംവിധാനം ചെയ്യുന്ന

ഇഷ്ടരാഗം എന്നമ്യൂസിക്കൽ റൊമാന്റിക് ത്രില്ലർ ചിത്രത്തിന്റെ പുതിയ ക്യാരക്ടർ പോസ്റ്റർ റിലീസായി.വിവേക് വിശ്വം അവതരിപ്പിക്കുന്ന സബ്ബ് ഇൻസ്പെക്ടർ അൻവർ അലി എന്ന കഥാപാത്രത്തിന്റെ പോസ്റ്ററാണ് റിലീസായത്. ശ്രീകുമാർ മറിമായം, ഉണ്ണിരാജ്, വിവേക് വിശ്വം, ശ്രീജിത്ത് കൈവേലി, അമ്പിളി, സുമിത്ര രാജൻ, വേണു അമ്പലപ്പുഴ, അർജുൻ,ജലജ റാണി,രഘുനാഥ് മടിയൻ, ജീഷിൻ തുടങ്ങിയവരാണ് മറ്റു താരങ്ങൾ.

ആകാശ് പ്രകാശ്മ്യൂസിക്ക് ആന്റ് എന്റർടൈൻമെന്റ്സ്,എസ് ആർ ഫിലിംസ് എന്നിവയുടെ ബാനറിൽ പ്രകാശ് നായർ, സുരേഷ് രാമന്തളി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജി കെ രവികുമാർ നിർവ്വഹിക്കുന്നു.തിരക്കഥ സംഭാഷണം ചന്ദ്രൻ രാമന്തളി എഴുതുന്നു. സുരേഷ് രാമന്തളിയുടെ വരികൾക്ക് വിനീഷ് പണിക്കർ സംഗീതം പകരുന്നു. വിജയ് യേശുദാസ്,വടുകിയമ്മ, അനിത വിനോദ്, ഹരിത ഹരീഷ്,

ശിവപ്രിയ എന്നിവരാണ് ഗായകർഎഡിറ്റർ വിപിൻരവി,പ്രൊഡക്ഷൻ കൺട്രോളർഷാജി ഒലവക്കോട്കലബാലകൃഷ്ണൻ കൈതപ്രം, കോസ്റ്റ്യൂംസ്സുകേഷ് താനൂർ, മേക്കപ്പ് സുധാകരൻ ചേർത്തല കൊറിയോഗ്രഫില്ലിന്റ്, ചീഫ് അസോസിയേറ്റ് ഡയറക്ടർറിജു നായർ,അസിസ്റ്റന്റ് ഡയറക്ടർ ദീപക് ശങ്കർ,ഷാൻ,

ബിജിഎംപ്രണവ് പ്രദീപ്, കളറിസ്റ്റ് അലക്സ് വർഗീസ്,സ്റ്റിൽസ്വിദ്യാധരൻ,ഡിസൈൻ ദിനേശ് മദനൻ,സ്റ്റിൽസ്വിദ്യാധരൻ,ഇരിട്ടി,കാഞ്ഞിരക്കൊല്ലി, വയനാട്,ഗുണ്ടപ്പെട്ട് എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ ഇഷ്ടരാഗം ഉടൻ പ്രദർശനത്തിനെത്തും.പി ആർ ഒഎ എസ് ദിനേശ്.

# മറഞ്ഞിരിക്കുന്ന കഥയും സുഭാഷ് ചന്ദ്ര ബോസിന്റെ രഹസ്യങ്ങളും; നിഖിൽ ചിത്രം സ്പൈ ജൂൺ 29ന് റിലീസ്




നിഖിലിന്റെ വൻ പ്രതീക്ഷയിൽ ഒരുങ്ങുന്ന നാഷണൽ ത്രില്ലർ ചിത്രം സ്പൈയുടെ റിലീസ് തീയതി ആദ്യം പ്രഖ്യാപിച്ച തീയതിയിൽ നിന്ന് മാറ്റിയതോടെ വല്ലാത്ത വിഷമത്തിലായിരുന്നു നിഖിൽ ആരാധകർ. മറഞ്ഞിരിക്കുന്ന കഥയും സുഭാഷ് ചന്ദ്ര ബോസിന്റെ രഹസ്യങ്ങളും സംസാരിക്കുന്ന ചിത്രമായ സ്പൈ ഒടുവിൽ ജൂണ് 29ന് റിലീസിനൊരുങ്ങുകയാണ്. പ്രശസ്ത എഡിറ്റർ ഗാരി ബി എച്ച് ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രം ചരൻതേജ് ഉപ്പലാപ്തി സി ഇ ഒ ആയ ഇ ഡി എന്റർടൈന്മെന്റ്സിന്റെ ബാനറിൽ കെ രാജശേഖർ റെഡ്ഢിയാണ് നിർമിക്കുന്നത്.

സിജിഐ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 4 കമ്പനികളിൽ നിന്നായി ആയിരത്തോളം സിജിഐ അനിയറപ്രവർത്തകരെ ഉപയോഗിച്ചുകൊണ്ട് വളരെ വേഗത്തിൽ ജോലികൾ പൂർത്തിയാക്കാൻ ശ്രമിക്കുകയാണ് നിർമാതാക്കൾ. നിഖിൽ തന്നെയാണ് പുതിയ റിലീസ് തീയതി പ്രഖ്യാപിച്ചത്. മെഷീൻ ഗണ്ണും പിടിച്ച് നിൽക്കുന്ന നിഖിലിന്റെ ചിത്രം വൈറലാവുകയാണ്.

ദൽഹിയിൽ ചരിത്ര പ്രധാനമായ ഒരു സംഭവമാണ് സാക്ഷ്യം വഹിച്ചത്. രാജ് പതിൽ മെയ് 15ന് ടീസർ ലോഞ്ച് നടന്നു. ഗംഭീരമായ പ്രതികരണങ്ങളാണ് എല്ലാ ഭാഷകളിൽ നിന്നും ടീസറിന് ലഭിച്ചത്. ആമസോണും സ്റ്റാർ നെറ്റ് വർക്കും ചേർന്ന് 40 കോടിയോളം രൂപയ്ക്കാണ് നോൺ തീയേറ്റർ റൈറ്റ്സ് സ്വന്തമാക്കിയിരിക്കുന്നത്. നിഖിലിന്റെ കരിയറിൽ തന്നെ ഏറ്റവും വലിയ തുകയാണ് ഇത്. ചിത്രത്തിലെ ചില രംഗങ്ങൾ കാണുകയും അതിൽ ഗംഭീര അഭിപ്രായം തോന്നിയതിന് ശേഷമാണ് റൈറ്റ്സ് സ്വന്തമാക്കിയിരിക്കുന്നത്.

ഐശ്വര്യ മേനോനാണ് ചിത്രത്തിൽ നായികയായി എത്തുന്നത്. കുറച്ച് നാളുകൾക്ക് ശേഷം ആര്യൻ രാജേഷ് മികച്ച കഥാപാത്രത്തിലൂടെ തിരിച്ച് വരുകയാണ്. നിഖിൽ സിദ്ധാർത്ഥ, അഭിനവ് ഗോമതം, മാർക്കണ്ഡ് ദേശ്പാണ്ഡെ, ജിഷു സെൻ ഗുപ്ത, നിതിൻ മെഹ്ത, രവി വർമ്മ തുടങ്ങി വൻ താരനിരയും ചിത്രത്തിൽ അണിനിരക്കുന്നുണ്ട്. ഒരു മുഴുനീള ആക്ഷൻ സ്പൈ ത്രില്ലറാണ് ചിത്രമെന്ന് നിർമാതാവ് കെ രാജശേഖർ റെഡ്ഢി അറിയിച്ചിട്ടുണ്ട്. തെലുഗു, ഹിന്ദി, കന്നഡ, തമിഴ്, മലയാളം ഭാഷകളിലാണ് ചിത്രം റിലീസിനെത്തുന്നത്. റൈറ്റർ അനിരുദ്ധ് കൃഷ്ണമൂർത്തി, മ്യൂസിക് ശ്രീചരൻ പകല, വിശാൽ ചന്ദ്രശേഖർ, ആർട് അർജുൻ സുരിഷെട്ടി. പി ആർ ഒ ശബരി




# എറുമ്പ് ഇന്ന് പുറത്തിറങ്ങും

ബേബി മോനിക്ക ശിവ, ജോർജ്ജ് മര്യൻ, എം.എസ്. ഭാസ്കർ, ചാർലി, സുസന്നെ ജോർജ്ജ്, ജഗൻ, ശക്തിഋതിക്ക്, പറവൈ സൗന്ദ്ര അമ്മാൾ എന്നിവരെ പ്രധാനകഥാപാത്രങ്ങളാക്കി ജി. സുരേഷ് സംവിധാനം ചെയ്യുന്ന തമിഴ് ചിത്രമായ എറുമ്പ് ജൂൺ ഇരുപത്തിമൂന്നിന് ഗ്യാലക്സി സിനിമ കേരളത്തിൽ പ്രദർശനത്തിനെത്തിക്കും.

നിർമ്മാണം സുരേഷ് ഗുണശേഖരൻ, ഛായാഗ്രഹണം കെ. എസ്. കാളിദാസ്, എഡിറ്റിങ്എം. ത്യാഗരാജൻ, തമിഴെ ആനന്ദൻ, അരുൺ ഭാരതി എന്നിവരുടെ വരികൾക്ക് അരുൺ രാജ് സംഗീതം പകരുന്നു. പി ആർഒ എ.എസ്. ദിനേശ്.

Society Today | സൊസൈറ്റി ടുഡേ

# കർഷകരുടെ കല്ലിയൂർ ഗ്രീൻസ് ബ്രാൻഡ് വിപണിയിലേക്ക്

**തിരുവനന്തപുരം:** സംസ്ഥാനത്തെ കർഷകർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് സംവിധാനം ഏർപ്പെടുത്തുമെന്ന് കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ്. തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഓൺലൈൻ വിപണിയിലൂടെ വിൽക്കുന്നതിനായി കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച ഓൺലൈൻ ഇക്കോഷോപ്പിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാവർക്കും വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് സംസ്ഥാനത്ത് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി 10,000 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചത്. നിലവിൽ 23,000 കൃഷിക്കൂട്ടങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച ഗ്രാമപഞ്ചായത്തുകളിലൊന്ന് കല്ലിയൂരാണെന്നും മന്ത്രി പറഞ്ഞു. കാർഷിക ഉത്പന്നങ്ങൾ ആകർഷകമായ രീതിയിൽ പാക്ക് ചെയ്യുന്നതിന് കല്ലിയൂരിലെ കർഷകർക്ക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗിന്റെ വിദഗ്ധ പരിശീലനം നൽകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഇക്കോഷോപ്പിൽ സംഭരിക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കാർഷിക ഉത്പന്നങ്ങളും കല്ലിയൂർ ഗ്രീൻസ് എന്ന പേരിൽ ബ്രാൻഡ് ചെയ്താണ് വിപണിയിലെത്തിക്കുന്നത്. പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള 176 കൃഷിക്കൂട്ടങ്ങൾക്ക് മികച്ച വിപണി ഒരുക്കുന്നതിനൊപ്പം പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ളതും വിഷരഹിതവുമായ ഉത്പന്നങ്ങൾ വാങ്ങാനും ഇക്കോഷോപ്പിലൂടെ കഴിയും. തദ്ദേശീയമായി നിർമിക്കുന്ന മഞ്ഞൾപ്പൊടി, നാടൻ കുത്തരി, പച്ചരി, വയനാടൻ സ്റ്റൈലിൽ ഉത്പാദിപ്പിച്ച നെന്മേനി, ചിറ്റുണ്ടി, കെട്ടിനാട്ടി അരി, വിവിധ അരിയുത്പന്നങ്ങൾ, ചക്കയിൽ നിന്നുണ്ടാക്കിയ 10 മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ, വിവിധ തരം അച്ചാറുകൾ, ചമ്മന്തിപ്പൊടി, മുളപ്പിച്ച പച്ചക്കറികൾ തുടങ്ങിയ നാൽപ്പതോളം സാധനങ്ങളാണ് നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്. അവിയൽ, തോരൻ, സാമ്പാർ തുടങ്ങിയവയ്ക്ക് വേണ്ടി തയ്യാറാക്കിയ കട്ട് വെജിറ്റബിളുകൾക്കും ആവശ്യക്കാരേറെയാണ്. പ്ലേസ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന ആപ്പ് വഴിയോ ഇക്കോഷോപ്പിൽ സ്ഥാപിച്ചിരിക്കുന്ന ക്യൂ ആർ കോഡ് സ്കാൻ ചെയ്തോ ഷോപ്പിംഗ് നടത്താം. ഇതിനുപുറമെ ഫോണിലൂടെയും വാട്സാപ്പിലൂടെയും ഓർഡറുകൾ നൽകാം. നഗരത്തിലെ 25 കിലോമീറ്റർ പരിധിയിൽ ഹോം ഡെലിവറി സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അടുത്ത ഘട്ടമെന്ന നിലയിൽ ജില്ലയിലെ വിവിധ പ്രദേശങ്ങളിലേക്ക് കൂടി ഹോം ഡെലിവറി സംവിധാനം വ്യാപിപ്പിക്കും.

കല്ലിയൂർ ഗ്രീൻസ് ലോഗോയുടെ പ്രകാശനവും കൃഷിക്കൂട്ടങ്ങൾക്കൊരു കൈത്താങ്ങ് സംയുക്ത പദ്ധതി, കൃഷിക്കൂട്ടങ്ങൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ, പ്രകൃതി സൗഹൃദ കൃഷിയിട പദ്ധതി എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും മികച്ച പ്രകടനം കാഴ്ചവച്ച കർഷക കൂട്ടങ്ങൾ, മുതിർന്ന കർഷകർ എന്നിവരെ ആദരിക്കൽ ചടങ്ങും നടന്നു. എം. വിൻസെന്റ് എം.എൽ.എ അധ്യക്ഷനായ ചടങ്ങിൽ കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ചന്തുകൃഷ്ണ , വൈസ് പ്രസിഡന്റ് വി. സരിത, ത്രിതല പഞ്ചായത്തംഗങ്ങൾ, പ്രിൻസിപ്പൽ കൃഷി ഓഫീസർ എസ്. അനിൽ കുമാർ, കല്ലിയൂർ കൃഷി ഓഫീസർ സി. സ്വപ്ന, കർഷകർ, രാഷ്ട്രീയ സാംസ്ക്കാരിക രംഗത്തെ പ്രമുഖർ എന്നിവരും സംബന്ധിച്ചു.



# യോഗ ക്ലബ് ഒരുക്കി കുഴൂർ ഗ്രാമപഞ്ചായത്ത്

**കുഴൂർ:** അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി കുഴൂർ ഗ്രാമപഞ്ചായത്ത്, കുഴൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറി എന്നിവയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗാ ദിനവും കുഴൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ആദ്യത്തെ ആയുഷ് യോഗാ ക്ളബിന്റെ ഉദ്ഘാടനവും കുണ്ടൂർ ഗവ യു പി സ്കൂളിൽ കുഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാജൻ കൊടിയൻ നിർവഹിച്ചു.

പഞ്ചായത്തിന്റെ നാലാം വാർഡിൽ ആരംഭിക്കുന്ന കുഴൂർ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ ആയുഷ് യോഗാ ക്ളബിന്റെ ഉദ്ഘാടനവും ചടങ്ങിൽ നടന്നു. പരിപാടിയുടെ ഭാഗമായി മുൻ വർഷത്തിൽ കുണ്ടൂർ സ്കൂളിൽ യോഗ ട്രെയിനിംഗ് നൽകിയ ഡോ. ലക്ഷ്മി പാർവതി നയിക്കുന്ന ക്ലാസ്സ്, കുട്ടികളുടെ യോഗ അവതരണം, ഡാൻസ് എന്നിവയും നടന്നു.

വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സന്തോഷ്കുമാറിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പഞ്ചായത്ത് അംഗങ്ങളായ സണ്ണി, ബിജി വിൽസൺ, റോസ്മി രാജു, ബിനോയ് പൗലോസ്, സേതുമോൻ ചിറ്റേത്ത്, കുണ്ടൂർ സ്കൂൾ ഹെഡ് മിസ്സ്ട്രെസ് ശാന്ത ടീച്ചർ, ഗവ ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ. ജിഷ്ണു, ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ നിഷ എന്നിവർ പങ്കെടുത്തു.

# സപ്ലൈകോ സംഭരിച്ച നെല്ലിന്റെ പണം ലഭിക്കാതെ കർഷകർ

**കൊല്ലം:** സപ്ലൈകോ വഴി സർക്കാർ സംഭരിച്ച നെല്ലിന്റെ വില ലഭിക്കാതെ കർഷകർ ദുരിതത്തിൽ. നെല്ല് നൽകുന്നതിന് കർഷകർ ഓൺലൈൻ മുഖേന പേരു റജിസ്റ്റർ ചെയ്തപ്പോൾ ഉൾപ്പെടുത്തിയിരുന്ന ബാങ്കുകളെ ഒഴിവാക്കിയത് ഇവരുടെ ദുരിതം ഇരട്ടിയാക്കി. കഴിഞ്ഞ വർഷം സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിലെ രണ്ടാംവിള നെല്ലിന്റെ വിലയാണ് ലഭിക്കാനുള്ളത്. സംസ്ഥാനത്ത് 70,000 കർഷകർ നെല്ല് നൽകിയിട്ടുണ്ട്.

കർഷകർ നെല്ല് സപ്ലൈകോയിൽ നൽകുന്നതിനായി ഓൺലൈനിൽ റജിസ്റ്റർ ചെയ്യുകയും ഇതനുസരിച്ച് സപ്ലൈകോ കിലോയ്ക്ക് 28.20 രൂപ വില നൽകി നെല്ല് എടുക്കുകയുമാണ് ചെയ്യുന്നത്. നെല്ലിന്റെ ഗുണനിലവാരവും ഈർപ്പത്തിന്റെ അളവും മറ്റും പരിശോധിച്ച് 1 മുതൽ 10 കിലോ വരെ കിഴിവും കഴിച്ചാണ് കർഷകരിൽ നിന്നു നെല്ല് സംഭരിക്കുന്നത്. സർക്കാർ നിർദേശിക്കുന്ന മിൽ ഉടമകളാണ് നെല്ല് എടുക്കുന്നത്. നെല്ല് എടുത്ത ശേഷം കർഷകർക്ക് പാഡി റിസീറ്റ് ഷീറ്റ് നൽകും.

ഇത് ബാങ്കിൽ നൽകുമ്പോൾ പണം കർഷകർക്ക് ലഭിക്കും. സർക്കാരുമായി ധാരണയിലെത്തുന്ന ബാങ്കുകൾ, കർഷകർക്ക് വായ്പ ആയാണ് നെല്ലിന്റെ വില നൽകുന്നത്. ഇതിന് സർക്കാർ ഗാരന്റി നിൽക്കും. സപ്ലൈകോ വഴി ബാങ്കുകൾക്ക് നെല്ലിന്റെ വില സർക്കാർ നൽകുന്നത് വരെ കർഷകർ ബാങ്കിന് കടക്കാരനാണ്. ബാങ്കുകൾക്ക് ഏറെ വൈകിയാണ് സർക്കാർ പണം നൽകാറുള്ളത്. ഇത് കർഷകരുടെ മറ്റ് വായ്പകളെ ബാധിക്കുന്നുണ്ട്. വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ മറ്റ് അത്യാവശ്യങ്ങൾക്ക് വായ്പ എടുക്കുമ്പോൾ കർഷകന്റെ സിബിൽ സ്കോറിനെ ബാധിക്കും. ഇതെല്ലാം സഹിച്ചാണ് കർഷകൻ താൻ ഉൽപാദിപ്പിച്ച നെല്ലിന്റെ വില വാങ്ങാറുള്ളത്.

സർക്കാർ കാലാകാലങ്ങളിൽ പറയുന്ന ബാങ്കുകളിൽ അക്കൗണ്ട് എടുക്കണമെന്നതാണ് കർഷകന്റെ മറ്റൊരു ദുര്യോഗം. സപ്ലൈകോ നെല്ല് സംഭരിക്കാൻ തുടങ്ങിയ കാലത്ത് പ്രാഥമിക സർവീസ് സഹകരണ ബാങ്കുകളിൽ അക്കൗണ്ട് വേണമെന്നായിരുന്നു വ്യവസ്ഥ. പിന്നീടത് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വേണമെന്നായി. അതും കഴിഞ്ഞ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് വേണം എന്നായിരുന്നു നിർദേശം. പിന്നീട് കേരള ഗ്രാമീൺ ബാങ്ക്. അത് കഴിഞ്ഞ് എസ്ബിഐ, കനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നിങ്ങനെ മറ്റ് ദേശസാൽകൃത ബാങ്കുകളിൽ എടുക്കാമെന്നായി. ഈ വർഷം എസ്ബിഐ, കനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ അക്കൗണ്ട് വേണമെന്നും ഈ ബാങ്കുകളുമായാണ് തങ്ങൾ ധാരണയായതെന്നും സപ്ലൈകോ പറഞ്ഞു.



# അമൃത് സരോവർ പദ്ധതിയിൽ കാസർകോട് ജില്ലയിലെ 75 കുളങ്ങൾ

**കാസർകോട്:** അമൃത് സരോവർ പദ്ധതിയിൽ ജില്ലയിലെ 75 കുളങ്ങൾ ഉൾപ്പെടുത്താൻ ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി(ദിശ) യോഗം തീരുമാനിച്ചു. അമൃത് സരോവർ പദ്ധതിയിൽ നിലവിൽ 51 കുളങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആകെ 75 കുളങ്ങൾ ഉൾപ്പെടുത്തണം. 6 ബ്ലോക്കുകളിലും കുറഞ്ഞത് 5 കുളങ്ങൾ കൂടി കണ്ടെത്തി റിപ്പോർട്ട് നൽകുന്നതിനു ബ്ലോക്ക് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി. പൊതുകുളങ്ങളോ സ്വകാര്യ സ്ഥാപനങ്ങളോ വ്യക്തികളോ സൗജന്യമായി വിട്ടു തരുന്ന കുളങ്ങളോ പരിഗണിക്കാം. കുറഞ്ഞത് 10 സെന്റ് വിസ്തൃതിയുള്ള കുളങ്ങൾ അമൃത് സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനും രാജ്മോഹൻ ഉണ്ണിത്താൻ എംപിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു.

സംസ്ഥാന സർക്കാറിന്റെ നൂറുദിന കർമപദ്ധതിയുടെ ഭാഗമായി ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രണ്ടു ഘട്ടങ്ങളിലായി 88 കുളങ്ങൾ ഉദ്ഘാടനം ചെയ്തിരുന്നു. കുബന്നൂർ മാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണത്തിനായി 1.9 കോടി രൂപയുടെ പദ്ധതിയുടെ ശുപാർശ നൽകിയിട്ടുണ്ടെന്ന് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ അറിയിച്ചു.

കലക്ടർ കെ.ഇമ്പശേഖർ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷമീന, വെസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മോഹനൻ, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ അബ്ദുൽ ജലീൽ, കെ.വി.മുഹമ്മദ് മദനി എന്നിവർ പ്രസംഗിച്ചു.

# ഭക്ഷ്യ പൊതുവിതരണ കേന്ദ്രങ്ങളിൽ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കും

**കൊച്ചി:** ഭക്ഷ്യ പൊതുവിതരണ കേന്ദ്രങ്ങളിൽ പരിശോധനകൾ കുടൂതൽ കാര്യക്ഷമമാക്കാൻ നിർദേശം. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ തല ഭക്ഷ്യോപദേശക വിജിലൻസ് സമിതി യോഗത്തിലാണ് തീരുമാനം. ഭക്ഷ്യമേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന പുതിയ പദ്ധതികളും സേവനങ്ങളും പരമാവധി ജനങ്ങളിലേക്കെത്തിക്കാൻ ശ്രമമുണ്ടാകണം. പഞ്ചായത്ത് തലത്തിലും ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ കൃത്യമായ ഇടവേളകളിൽ ചേരണമെന്നും യോഗം വിലയിരുത്തി.റേഷൻകടകൾ ഉൾപ്പെടെയുള്ള പൊതുവിതരണ സംവിധാനങ്ങൾ പരമാവധി പരാതി രഹിതമാക്കാൻ ശ്രമിക്കണമെന്നും ഏതെങ്കിലും സ്ഥലങ്ങളിൽ നിന്ന് പരാതികൾ ഉയർന്നാൽ എത്രയും വേഗം പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും യോഗം നിർദേശിച്ചു. ക്രമക്കേടുകൾ കണ്ടെത്താൻ ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തണം. ഒപ്പം പദ്ധതി, വാതിൽപ്പടി സേവനം, സഞ്ചരിക്കുന്ന റേഷൻകട, ഗർഭിണികൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടയുള്ള സേവനങ്ങൾ കാര്യക്ഷമമായി മുൻപോട്ട് കൊണ്ടുപോകണം. ഭക്ഷ്യ ഭദ്രത നിയമം അനുശാസിക്കുന്ന വിധം അർഹരായവർക്ക് സേവനങ്ങളും ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും യോഗത്തിൽ ധാരണയായി.അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി. വി. ശ്രീനിജിൻ എം.എൽ.എ, ഭക്ഷ്യ കമ്മീഷൻ അംഗം അഡ്വ പി. വസന്തം, ജില്ലാ സപ്ലൈ ഓഫീസർ ടി. സഹീർ, ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




## ലഹരി വിരുദ്ധ ദിനാചരണം:

# മെഗാ ബോധവൽക്കരണ യജ്ഞം പദ്ധതിയുമായി വിമുക്തി മിഷൻ

**കൊച്ചി:** ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് മെഗാ ബോധവൽക്കരണ യജ്ഞം പദ്ധതിയുമായി വിമുക്തി മിഷൻ.റീസർജൻസ് 2023 എന്ന പേരിൽ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധദിനാചരണവുമായി ബന്ധപ്പെട്ട് ജൂൺ 26 ന് കാക്കനാട് കാർഡിനൽ ഹയർ സെക്കന്ററി സ്കൂളിൽ മെഗാ ബോധവൽക്കരണ യജ്ഞം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും.ചടങ്ങിൽ ഹൈബി ഈഡൻ എം. പി, ഉമ തോമസ് എം.എൽ.എ എന്നിവർ പങ്കെടുക്കും. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 15 വിദ്യാലയങ്ങളിലാണ് ഒരേ ദിവസം ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നത്. വിമുക്തി മിഷന്റെ പരിശീലനം ലഭിച്ച മഹാരാജാസ് കോളേജിലെ എൻഎസ്എസ് കേഡറ്റുകളാണ് ബോധവൽക്കരണ ക്ലാസുകൾ നയിക്കുന്നത്.വിവിധ കോളേജുകളിലെ വിദ്യാർത്ഥികളെ കൊണ്ട് വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കിടയിൽ അധ്യായന വർഷം മുഴുവൻ ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്. ജൂൺ മാസത്തിൽ മഹാരാജാസ് കോളേജിനെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തുന്നത്.മഹാരാജാസ് കോളേജിൽ നിന്ന് 30 എൻഎസ്എസ് കേഡറ്റുകളെ തെരഞ്ഞെടുത്തു. അഞ്ചുദിവസം പരിശീലനം നൽകുന്നു. എറണാകുളം എക്സൈസ് ഡിവിഷൻ ഓഫീസിലെ വിമുക്തി തീയേറ്ററിലാണ് പരിശീലനം നൽകുന്നത്. പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ ഹൈസ്കൂൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകൾ നയിക്കുന്നതാണ് പദ്ധതിയുടെ രൂപം. കൂടാതെ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത എല്ലാ സ്കൂളുകളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്യും. ഒരുമാസം 15 വിദ്യാലയങ്ങളിലായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും 75,000 രൂപ ചെലവിൽ വിമുക്തിയുടെ പേരിലുള്ള ചുറ്റുവേലി നിർമ്മിക്കുകയും ചെയ്യും.

# ഭൂരഹിതരുടെ കണ്ടെത്തൽ: ജൂലൈ മുതൽ റവന്യൂ സഭകൾ സംഘടിപ്പിക്കും മന്ത്രി കെ രാജൻ

**ആലപ്പുഴ:** എല്ലാവർക്കും ഭൂമി എന്ന സർക്കാർ ലക്ഷ്യം നേടുന്നതിനായി ജൂലൈ മാസത്തിൽ കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും റവന്യൂ സഭകൾ സംഘടിപ്പിക്കുമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ പറഞ്ഞു. ജില്ലാതല പട്ടയമേളയുടെ ഉദ്ഘാടനവും സമ്പൂർണ ഇജില്ല പ്രഖ്യാപനവും ചേർത്തലയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.സംസ്ഥാന സർക്കാർ പട്ടയം മിഷൻ നടപ്പാക്കുകയാണ്. റവന്യൂ സഭകളിൽ ഭൂരഹിതരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഉണ്ടാകും. തഹസിൽദാരിൽ കുറയാത്ത അധികാരിയെ ഓരോ നിയോജക മണ്ഡലത്തിലും നോഡൽ ഓഫീസറായി നിയമിക്കുമെന്നും എല്ലാ നിയോജക മണ്ഡലത്തിലെയും എംഎൽഎമാർ രാഷ്ട്രീയ ഭേദമില്ലാതെ ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.കേരളത്തിലെ അർഹരായ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഏതുതരം നിയമഭേദഗതിക്കും സർക്കാർ തയ്യാറാകുമെന്ന് മന്ത്രി പറഞ്ഞു. നിയമങ്ങളെ വളച്ചൊടിച്ച് അനർഹമായി ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും അത് പിടിച്ചെടുത്ത് വിതരണം ചെയ്യാൻ സർക്കാർ മടിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി. പട്ടയം മിഷനായി സംസ്ഥാനതല നിരീക്ഷണ സമിതിയും രൂപവൽക്കരിക്കും. സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ ഈ സർക്കാരിൻറെ കാലത്ത് പൂർത്തിയാക്കും. കഴിഞ്ഞ ആറുമാസത്തിനിടെ 97,000 ഹെക്ടർ ഭൂമി ഡിജിറ്റൽ സർവ്വേ നടത്തിയതിൽ അഞ്ചു പരാതികൾ മാത്രമാണ് ലഭിച്ചതെന്നും തെറ്റുകുറ്റങ്ങൾ ഇല്ലാത്തവിധം ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു. ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നതോടെ അതിർത്തി കല്ലുകൾ നീക്കം ചെയ്യുന്ന പ്രവണത ഇല്ലാതാകുമെന്നും റവന്യൂ വകുപ്പിൻറെ കയ്യിൽ ഭുവുടമയുടെ ഭൂമിയുടെ അതിരിൽ ഒരു അദൃശ്യ ഡിജിറ്റൽ വേലി ഉണ്ടാകുമെന്നും മന്ത്രി കെ രാജൻ പറഞ്ഞു. ജില്ലയിലെ കോളനികളിലുള്ള മുഴുവൻ ജനങ്ങൾക്കും പട്ടയം ലഭ്യമാക്കുന്നതിന് പ്രത്യേക കോളനി പട്ടയ മിഷൻ നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.പട്ടയമേളയിൽ ജില്ലയിലെ ആറ് താലൂക്കുകളിലായി 428 പട്ടയങ്ങളാണ് വിതരണം ചെയ്തത്. 'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ' എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പട്ടയമേളയിൽ 150 സാധാരണ പട്ടയങ്ങൾ, 245 ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങൾ, 32 ദേവസ്വം പട്ടയങ്ങൾ എന്നിവ വിതരണം ചെയ്തു.



## ഫിറ്റ്നെസ് ട്രെയിനർ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** അസാപ്കേരളയുടെ നേതൃത്വത്തിൽ നടത്തുന്ന 150 മണിക്കൂർ ദൈർഘ്യമുള്ള ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പേഴ്സണൽ ട്രെയ്നർ, ഫിറ്റ്നസ് കോച്ച് , ജിം ഇൻസ്ട്രക്ടർ തുടങ്ങിയ തൊഴിലുകൾ നേടാൻ കഴിയും. സ്വന്തമായി ഒരു ഫിറ്റ്നസ് സെന്റർ നടത്തുവാനുള്ള നൈപുണ്യശേഷിയും ആർജ്ജിക്കുന്ന തരത്തിലാണ് കോഴ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സ്പോർട്സ് ആന്റ് ഫിറ്റ്നസ് സെക്ടർ സ്കിൽ കൗൺസിലിന്റെ സർട്ടിഫിക്കറ്റ് നേടാനും അവസരമു്. കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക് വിളിക്കുക 9778598336 / 9495219570.

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:**വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള പള്ളുരുത്തി ഐ.സി.ഡി.എസ്. പ്രൊജക്റ്റിലെ അങ്കണവാടികളിലെ കുട്ടികളുടെ ആവശ്യത്തിനായി പ്രീ സ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് ജി എസ് ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും ടെറുകൾ ക്ഷണിച്ചു. ടെർ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 30 ഉച്ചയ്ക്ക് 12 വരെ. കൂടുതൽ വിവരങ്ങൾക്ക് 04842237276.

## ഖാദി തുണിത്തരങ്ങൾക്ക് റിബേറ്റ്

**കൊച്ചി:** ബക്രീദ് പ്രമാണിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദി തുണിത്തരങ്ങൾക്ക് ജൂൺ 19 മുതൽ 27 വരെ 20 മുതൽ 30 ശതമാനം വരെ റിബേറ്റ് നൽകുന്നു. ജില്ലയിലെ ഖാദി ബോർഡിന്റെ കീഴിലുള്ള അംഗീകൃത വില്പനശാലകളായ ഖാദി ഗ്രാമസൗഭാഗ്യ കലൂർ, നോർത്ത് പറവൂർ,പെരുമ്പാവൂർ, മൂവാറ്റുപുഴ, പായിപ്ര, കാക്കനാട്, പഴന്തോട്ടം,മൂക്കന്നൂർ, ശ്രീമൂലനഗരം എന്നിവിടങ്ങളിൽ നിന്നും ഈ ആനുകൂല്യം ലഭിക്കും.

## ടെണ്ടർ ക്ഷണിച്ചു

കൊച്ചി: വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള മുളന്തുരുത്തി ഐ.സി.ഡി.എസ്. പ്രൊജക്റ്റിലെ അങ്കണവാടികളിലെ കുട്ടികളുടെ ആവശ്യത്തിനായി പ്രീ സ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് ജി എസ് ടി രജിസ്ട്രേഷനുള്ള വ്യക്തികൾ, സ്ഥാപനങ്ങളിൽ നിന്നും ടെറുകൾ ക്ഷണിച്ചു. ടെർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 7 വൈകിട്ട് 3.30 വരെ. കൂടുതൽ വിവരങ്ങൾക്ക് 04842786680, 9947864784.

## ടെണ്ടർ ക്ഷണിച്ചു

കൊച്ചി: വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള കോതമംഗലം ഐ.സി.ഡി.എസ്. പ്രൊജക്റ്റിലെ അങ്കണവാടികളിലെ കുട്ടികളുടെ ആവശ്യത്തിനായി പ്രീ സ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് ജി എസ് ടി രജിസ്ട്രേഷനുള്ള വ്യക്തികൾ, സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു. ടെർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 7 ഉച്ചയ്ക്ക് 2 വരെ. കൂടുതൽ വിവരങ്ങൾക്ക് 04852822372.

## വാക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ അടിയന്തിര രാത്രികാല വെറ്ററിനറി സേവന പദ്ധതിയിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർ, ഡ്രൈവർ കം അറ്റൻഡർ എന്നിവരെ നിയമിക്കുന്നു. ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ ജൂൺ 23 വെള്ളിയാഴ്ച രാവിലെ 11 ന് വെറ്ററിനറി ഡോക്ട!ർമാരുടെയും ഉച്ചയ്ക്ക് 12 ന് ഡ്രൈവർ കം അറ്റൻഡർമാരുടെയും വാക് ഇൻ ഇന്റർവ്യൂ നടത്തും.കോതമംഗലം, വാഴക്കുളം, ആലങ്ങാട്, വടവുകോട്, പള്ളുരുത്തി, വൈപ്പിൻ നോർത്ത്, പറവൂർ എന്നീ എഴ് ബ്ലോക്കുകളിലേക്ക് ഏഴ് വെറ്ററിനറി ഡോക്ട!ർമാരുടെയും കൊച്ചി കോർപ്പറേഷൻ, മൂവാറ്റുപുഴ, മുളന്തുരുത്തി, അങ്കമാലി, നോർത്ത് പറവൂർ, കോതമംഗലം, കൂവപ്പടി, പാമ്പാക്കുട, ഇടപ്പള്ളി, വാഴക്കുളം, ആലങ്ങാട്, വടവുകോട്, പള്ളുരുത്തി, വൈപ്പിൻ എന്നീ 15 ബ്ലോക്കുകളിൽ 15 ഡ്രൈവർ കം അറ്റൻഡ!ർമാരുടെയും ഒഴിവുകളിലേക്കാണ് നിയമനം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം പൂർത്തീകരിക്കാനുള്ള കാലതാമസം കണക്കിലെടുത്ത് 89 ദിവസത്തേക്കാണ് താൽക്കാലികനിയമനമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ.മറിയാമ്മ തോമസ് അറിയിച്ചു.

# ഗോർമേർ അവതരിപ്പിച്ച് എയർ ഇന്ത്യ എക്സ്പ്രസ്



**കൊച്ചി:** ചൂടേറിയ ഭക്ഷണങ്ങളും ലഘു വിഭവങ്ങളും അടങ്ങിയ വൈവിധ്യമാർന്ന ഇനങ്ങൾ ലഭ്യമാക്കാനായി അവാർഡ് വിന്നിങ് ഇൻ ഫ്ളൈറ്റ് ഡൈനിങ് ബ്രാൻഡ് ആയ ഗോർമേറിനെ ഉൾപ്പെടുത്തുന്നതായി എയർ ഇന്ത്യ എക്സ്പ്രസ് പ്രഖ്യാപിച്ചു. 2023 ജൂൺ 22 മുതൽ എയർ ഇന്ത്യ എക്സ്പ്രസിലെ അതിഥികൾക്ക് ഗോർമേറിന്റെ ചൂടേറിയ ഭക്ഷണങ്ങൾ മുൻകൂട്ടി ബുക്കു ചെയ്യാമെന്ന് എയർ ഇന്ത്യ എക്സ്പ്രസിൻറെയും എയർ ഏഷ്യ ഇന്ത്യയുടെയും മാനേജിങ് ഡയറക്ടർ അലോക് സിങ് പറഞ്ഞു. മാസ്റ്റർഷേഫ് ഷെഫ് സ്പെഷ്യലുകൾ, ലോകത്തിലെ ഏറ്റവും മികച്ചവ, പ്രാദേശിക വിഭവങ്ങൾ, ഓൾ ഡേ ബ്രേക്ഫാസ്റ്റ്, ആരോഗ്യകരമായതും ഡയബറ്റിക് സൗഹൃദപരവുമായ ഭക്ഷണങ്ങൾ, ഫ്രഷ് ഫ്രൂട്ട്സ്, സാൻഡ് വിച്ചുകളും റോളുകളും ഡെസർട്ടുകളും തുടങ്ങിയവയെല്ലാം എയർലൈനിൻറെ പുതിയ കോബ്രാൻഡഡ് വെബ്സൈറ്റായ airindiaexpress.com വഴി മുൻകൂട്ടി ബുക്കു ചെയ്യാനാവുന്നതിൽ ഉൾപ്പെടുന്നു.വിമാനത്തിൽ നൽകുന്ന എല്ലാ ഭക്ഷണവും വൃത്തി, ഗുണമേന്മ, രുചി തുടങ്ങിയവയുടെ കാര്യത്തിൽ ഏറ്റവും ഉന്നത നിലവാരം പുലർത്തുന്നു എന്ന് ഉറപ്പാക്കാനായി എയർ ഇന്ത്യ എക്സ്പ്രസ് ഇന്ത്യ, യുഎഇ, സിംഗപൂർ എന്നിവിടങ്ങളിലെ മികച്ച ഫ്ളൈറ്റ് കിച്ചണുകളിലെ ഷെഫുമാരുമായി സഹകരിക്കുന്നുണ്ട്. നിലവിൽ ആഭ്യന്തര റൂട്ടുകളിൽ സർവീസ് നടത്തുന്ന എയർ ഏഷ്യ ഇന്ത്യയുടെ വിമാനങ്ങളിൽ ഗോർമേർ സേവനം ലഭ്യമാണ്.വൈവിധ്യമാർന്ന താൽപര്യങ്ങൾ നിറവേറ്റും വിധം ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ വിപുലമായ നിരയാണ് പുതുക്കിയ ഫുഡ് ആൻഡ് ബിവറേജ് മെനുവിൽ ലഭ്യമാക്കിയിട്ടുള്ളത്. വെജിറ്റേറിയൻ, പെസ്ക്കറ്റേറിയൻ, വീഗൻ, ജെയിൻ, നോൺ വെജിറ്റേറിയൻ, എഗറ്റേറിയൻ മീലുകൾ ലഭിക്കുന്ന വിപുലമായ ശ്രേണിയാണ് ഗോർമേറിലൂടെ ലഭ്യമാക്കുന്നതെന്നും അലോക് സിങ് പറഞ്ഞു.എയർ ഇന്ത്യ എക്സ്പ്രസിനൊപ്പം എയർ ഏഷ്യ ഇന്ത്യ ഓപറേറ്റു ചെയ്യുന്ന വിമാനങ്ങളിലും ഗോർമേറിന്റെ മെനു ലഭ്യമാകും. ആഭ്യന്തര വിമാനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് വിമാനം പുറപ്പെടുന്നതിന് 12 മണിക്കൂർ മുൻപും അന്താരാഷ്ട്ര വിമാനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് പുറപ്പെടുന്നതിന് 24 മണിക്കൂറും മുൻപും വരെ എയർലൈനിൻറെ ഏകീകൃത കസ്റ്റമർ ഇൻറർഫേസായ air-indiaexpress.com ൽ മീലുകൾ മുൻകൂട്ടി ബുക്കു ചെയ്യാം. 2023 നെ മില്ലറ്റ് വർഷമായി പ്രഖ്യാപിച്ച ഐക്യരാഷ്ട്ര സഭയുടെ പ്രഖ്യാപനത്തിൻറെ ഭാഗമായി എല്ലാ പ്രീ ബുക്ക്ഡ് മീലുകൾക്കുമൊപ്പം മിക്സഡ് ബെറി റാഗി ഹൽവ ഡെസർട്ട് കോംപ്ലിമെൻററിയായി ഗോർമേർ ഉൾപ്പെടുത്തിയിട്ടുണ്ട്.ഗോർമേർ എയർ ഇന്ത്യ എക്സ്പ്രസിലെത്തുന്നതിന്റെ പ്രാരംഭ ആനുകൂല്യമായി ജൂലൈ അഞ്ചു വരെ പ്രീബുക്ക് ചെയ്യുന്നവർക്ക് 50 ശതമാനം ഇളവ് നല്കും. ബൈ ഓൺ ബോർഡ് മെനുവിലെ തെരഞ്ഞെടുത്ത ഇനങ്ങൾക്കും ഇളവുണ്ടാകും. എയർ ഇന്ത്യ എക്സ്പ്രസ്, എയർ ഏഷ്യ ഇന്ത്യ ഫ്ലൈറ്റുകളിൽ ഈ ആനുകൂല്യ കാലാവധിയിൽ ഗോർമേർ മീലുകൾ മുൻകൂട്ടി ബുക്കു ചെയ്യുന്നവർക്കായിരിക്കും ആനുകൂല്യങ്ങൾ ലഭിക്കുകയെന്നും അലോക് സിങ് പറഞ്ഞു.

# ബാബു കെ എയുടെ 'മഴമേഘങ്ങൾക്ക് മേലെ' പ്രകാശനം ഇന്ന്




**തൃശൂർ:** മാനേജ്മെന്റ് വിദഗ്ധൻ ബാബു കെ എയുടെ ജീവിതാനുഭവങ്ങളുടെ സമാഹാരമായ 'മഴമേഘങ്ങൾക്ക് മേലെ' എന്ന പുസ്തകം ഇന്ന് പ്രകാശനം ചെയ്യും. കേരള സാഹിത്യ അക്കാദമിയുടെ വൈലോപ്പിള്ളി ഹാളിൽ വൈകീട്ട് 5.30ന് നടക്കുന്ന ചടങ്ങിൽ സാഹിത്യവിമർശകനും പ്രഭാഷകനുമായ ഡോ. പി വി കൃഷ്ണൻ നായർ പ്രകാശനം നിർവഹിക്കും. കവിയും തിരക്കഥാകൃത്തുമായ പി എൻ ഗോപീകൃഷ്ണൻ പുസ്തകം ഏറ്റുവാങ്ങും.നാലുപതിറ്റാിലേറെ നീ ബാങ്കിങ് കരിയറിൽ ഉന്നത പദവികൾ വഹിച്ച ബാബു കെ എ ഇപ്പോൾ സൗത്ത് ഇന്ത്യൻ ബാങ്കിൽ ഇന്റേണൽ ഓംബുഡ്സ്മാൻ ആണ്. ഫെഡറൽ ബാങ്കിൽ നിന്ന് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പദവിയിൽ നിന്ന് വിരമിച്ച ശേഷം മാനേജ്മെന്റ്, ലീഡർഷിപ്പ്, മാർക്കറ്റിങ് തുടങ്ങിയ മേഖലകളിലെ പ്രമുഖ പരിശീലകൻ കൂടിയാണ്.പ്രകാശന ചടങ്ങിൽ ടി നരേന്ദ്രൻ അധ്യക്ഷത വഹിക്കും. ഗ്രന്ഥകർത്താവ് മറുപടി പ്രസംഗം നടത്തും. ഇ ഡി ഡേവിസ്, സി പി ഗംഗാധരൻ, സി ആർ മഞ്ജു എന്നിവർ സംസാരിക്കും.

### കൊച്ചി മെട്രോ ആറാം വാർഷിക ആഘോഷം:

# മധുരം മനോഹരം ഫ്ളവർ ആന്റ് മാംഗോ ഫെസ്റ്റിന് തുടക്കം



**കൊച്ചി:** കൊച്ചി മെട്രോയുടെ ആറാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഒരുക്കിയിരിക്കുന്ന 'മധുരം മനോഹരം ഫ് ളവർ ആൻഡ് മാംഗോ ഫെസ്റ്റ്' വൈറ്റില മെട്രോ സ്റ്റേഷനിൽ ആരംഭിച്ചു. കെ എം ആർ എൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. താരസംഘടനയായ അമ്മയുടെ ജനറൽ സെക്രട്ടറി .ഇടവേള ബാബു, മഹാ സുബൈർ വർണ്ണചിത്ര, കെഎംആർഎൽ ഉദ്യോഗസ്ഥർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.. വിവിധ തരത്തിലുള്ള ചെടികൾ, മാങ്ങകൾ, മകാവു, ഇഗ്വാന തുടങ്ങിയ എക്സോട്ടിക് പെറ്റുകൾ എന്നിവ ഷോയിലുണ്ട്. മുപ്പത് ഇനം മാങ്ങകൾ വാങ്ങുന്നതിനായും അവസരമുണ്ട്. പൂക്കൾ കൊണ്ട് നിർമ്മിച്ച കൊച്ചി മെട്രോയുടെ മോഡൽ മുഖ്യ ആകർഷണമാണ്. നിരവധി ഫോട്ടോ ബൂത്തുകളും ഷോയെ ആകർഷകമാക്കുന്നതിനായി ഒരുക്കിയിട്ടുണ്ട്. ഇൻഡോർ ചെടികൾ, ഫലവൃക്ഷത്തൈകൾ, ഗാർഡനിംഗിനായുള്ള ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിൽപ്പനയുമാണ് മറ്റൊരു ആകർഷണം.. രാവിലെ 11 മുതൽ രാത്രി 9.30 വരെയാണ് ദിവസേന ഫെസ്റ്റ് നടക്കുക. കൊച്ചി മെട്രോയിൽ സഞ്ചരിച്ച് വൈറ്റില സ്റ്റേഷനിൽ എത്തി 200 രൂപയ്ക്ക് മുകളിൽ മാങ്ങ വാങ്ങുന്നവർക്ക് ഒരു ടിക്കറ്റിന്റെ തുക ഇളവ് ലഭിക്കും. ജൂൺ 25 വരെയാണ് മധരം മനോഹരം ഫ്ളവർ ആൻഡ് മാംഗോ ഫെസ്റ്റ് നടക്കുക.

# വൈജ്ഞാനിക തൊഴിൽ പദ്ധതി: തൊഴിൽതീരത്തിന് കൊച്ചിയിൽ തുടക്കം



**കൊച്ചി:** മത്സ്യത്തൊഴിലാളി വിഭാഗത്തിലെ തൊഴിൽ അന്വേഷകർക്കായി നടപ്പാക്കുന്ന വൈജ്ഞാനിക തൊഴിൽ പദ്ധതിയായ തൊഴിൽതീരത്തിന് കൊച്ചിയിൽ തുടക്കമായി. കേരള നോളജ് ഇക്കണോമി മിഷൻ ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ ആരംഭിക്കുന്ന തൊഴിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഉന്നതല ജനപ്രതിനിധിഉദ്യോഗസ്ഥ യോഗവും സംഘാടകസമിതി രൂപീകരണവും തോപ്പുംപടി റൊസാരിയോ ഹാളിൽ കെ.ജെ മാക്സി എം.എൽ.എ ഉദ്ഘാടനം ചെയ്തു.പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ കൊച്ചി മണ്ഡലം ഉൾപ്പെടെ, സംസ്ഥാനത്തെ 9 തീരദേശ മണ്ഡലങ്ങളിലാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുക വഴി കൊച്ചിയിലെ അഭ്യസ്ത വിദ്യരായ മത്സ്യബന്ധന സമൂഹത്തിലെ ഉദ്യോഗാർഥികൾക്ക് കേരള നോളജ് ഇക്കോണമി മിഷന്റെ തൊഴിൽ നൈപുണ്യ പരിശീലനത്തിലൂടെ വൈജ്ഞാനിക തൊഴിൽ ലഭ്യമാക്കും.മത്സ്യത്തൊഴിലാളി വിഭാഗത്തിലെ 18നും59 വയസ്സിനും ഇടയിൽ പ്രായമുള്ള പ്ലസ് ടു മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പ്രാദേശികതലത്തിൽ ബോധവൽക്കരണ പരിപാടികൾ, കമ്മ്യൂണിറ്റി വളണ്ടിയർമാരെ തിരഞ്ഞെടുക്കൽ, പ്രാദേശിക സംഗമങ്ങൾ, തൊഴിൽ ക്ലബ് രൂപീകരണം എന്നിവ നടത്തും.കൊച്ചിൻ കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി.എ ശ്രീജിത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ കേരള നോളജ് മിഷൻ ഡയറക്ടർ ഡോക്ടർ പി.എസ് ശ്രീകല പദ്ധതി അവതരണം നടത്തി. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ ബേബി തമ്പി, ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ഡി പ്രസാദ്, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലീജ തോമസ്, കേരള നോളജ് ഇക്കണോമി മിഷൻ ജില്ല പ്രോഗ്രാം മാനേജർ മിഥു പ്രസാദ്, കുടുംബശ്രീ കൊച്ചി കോർപ്പറേഷൻ വെസ്റ്റ് സി.ഡി.എസ് ചെയർപേഴ്സൺ നബീസ ലത്തീഫ്, മത്സ്യഫെഡ് ഡയറക്ടർ ബോർഡ് മെമ്പർ പി.ബി ഡാലോ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# കെഎസ് യുഎമ്മിന്റെ'ലീപ്' പദ്ധതി:ആദ്യ കേന്ദ്രം കാസർകോഡ് ആരംഭിച്ചു



**കാസർകോഡ്:** സ്റ്റാർട്ടപ്പ് ഇൻകുബേറ്ററുകളെ കൊവർക്കിംഗ് സ്പേസ് ആക്കി മാറ്റുന്നതിനുള്ള കേരള സ്റ്റാർട്ടപ്പ് മിഷന്റെ (ലോഞ്ച്, എംപവർ, അക്സിലറേറ്റ്, പ്രോസ്പർ) പദ്ധതിയുടെ ആദ്യ കേന്ദ്രം കാസർകോഡ് പ്രവർത്തനമാരംഭിച്ചു. കാസർകോഡ് എംഎൽഎ എൻ എ നെല്ലിക്കുന്ന് ലീപ് കേന്ദ്രം ഉദ്ഘാടനം ചെയ്തു. രാജ്മോഹൻ ഉണ്ണിത്താൻ എംപി നാടമുറിച്ച് കേന്ദ്രം നാടിന് സമർപ്പിച്ചു. ഇത്തരമൊരു പദ്ധതിയിലെ ആദ്യ കേന്ദ്രം കാസർകോഡ് തന്നെ ആരംഭിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് ഇരുവരും പറഞ്ഞു.സംസ്ഥാനത്ത് കെഎസ് യുഎമ്മിന് കീഴിലുള്ള എല്ലാ ഇൻകുബേഷൻ കേന്ദ്രങ്ങളിലും ലീപ് സംവിധാനം ഏർപ്പെടുത്തുമെന്ന് സിഇഒ അനൂപ് അംബിക പറഞ്ഞു.സ്റ്റാർട്ടപ്പ് തുടങ്ങാൻ ആഗ്രഹിക്കുന്ന ആർക്കും ലീപ് സെൻററുകളിൽ രജിസ്റ്റർ ചെയ്യാമെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. ഉടൻ തന്നെ സംസ്ഥാന വ്യാപകമായി ലീപ് കേന്ദ്രങ്ങൾ വരാൻ പോകുകയാണ്. മികച്ച രീതിയിൽ രൂപകൽപന ചെയ്ത തൊഴിലിടങ്ങൾ, അതിവേഗ ഇൻറർനെറ്റ്, മീറ്റിംഗ് റൂമുകൾ, തുടങ്ങി ആധുനികമായ സൗകര്യങ്ങൾ ലീപ്പിലുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.പ്രൊഫഷണലുകൾക്ക് ദിവസമാസ വ്യവസ്ഥയിൽ ഈ സൗകര്യങ്ങൾ ആവശ്യാനുസരണം ഉപയോഗിക്കാനാകും. വർക്കം ഫ്രം ഹോം ചെയ്യുന്നവർക്കും യാത്ര ചെയ്യേണ്ടി വരുന്ന പ്രൊഫഷണലുകൾക്കും ഈ സൗകര്യം ഗുണകരമാകും. സ്റ്റാർട്ടപ്പുകൾക്ക് വിദഗ്ധോപദേശം നേടാനും പുതിയ സാങ്കേതിക ക്രമങ്ങളെക്കുറിച്ച് ആശയവിനിമയം നടത്താനും ഇതിലൂടെ ഉദ്ദേശിക്കുന്നുണ്ട്.തൊഴിലെടുക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. എന്നാൽ കുടുംബ മേൽനോട്ടത്തിൻറെ പരിമിതികൾ മൂലം ഇഷ്ടപ്പെട്ട തൊഴിലെടുക്കാൻ പലപ്പോഴും സാധിക്കുന്നില്ലെന്ന് ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം സിഎംഡി ഉഷാ ടൈറ്റസ് ചൂണ്ടിക്കാട്ടി. ലീപ് കേന്ദ്രങ്ങൾ വ്യാപകമാകുന്നതോടെ ചെറു നഗരങ്ങളിൽ താമസിക്കുന്നവർക്കും ഐടി തൊഴിൽ എടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ല. അവസരങ്ങൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നത് വനിതാ ശാക്തീകരണത്തിൻറെ ഭാഗമാണെന്നും ഉഷാ ടൈറ്റസ് പറഞ്ഞു. ജില്ലാപഞ്ചായത്ത് പ്രസിഡൻറ് ബേബി ബാലകൃഷ്ണൻ, വൈസ് പ്രസിഡൻറ് ഷാനവാസ് പാദൂർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.ലീപ് പദ്ധതിയിൽ ആദ്യമായി രജിസ്റ്റർ ചെയ്ത പത്ത് സ്റ്റാർട്ടപ്പുകൾക്കുള്ള കിറ്റ് ചടങ്ങിൽ വിതരണം ചെയ്തു. അസാപ്പിൻറെ സ്മോൾ കാറ്റഗറി ഡ്രോൺ പൈലറ്റ് പരിശീലനം നേടിയ 16 പേർ ഡിജിസിഎയുടെ ലൈസൻസിന് അർഹരായി. അവർക്കുള്ള സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു. ഡിജിറ്റൽ ചിത്രങ്ങൾ ഓൺലൈൻ വിൽപന നടത്തുന്ന ഫാബ്സ് ഫ്രെയിംസിൻറെ നവീകരിച്ച വെബ്സൈറ്റും അനൂപ് അംബിക പ്രകാശനം നടത്തി.ടെക്ജെനിഷ്യ സ്ഥാപകൻ ജോയ് സെബാസ്റ്റ്യൻ, എഫ്സി റോവറിലെ ഫിറോസ്, ലൈവ് ലോ സ്ഥാപകൻ പി വി ദിനേശ് ,അഡ്വ. ഹരീഷ് വാസുദേവൻ എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു. ഡ്രോൺ എക്സ്പോ, വർക്ക്ഷോപ്പുകൾ, ചാറ്റ് ജിടിപി വർക്ക്ഷോപ്പ്, വിദ്യാർത്ഥികൾ, യുവാക്കൾ, നവ സംരംഭകർ എന്നിവർക്കുള്ള കരിയർ ക്ലിനിക്ക്, സ്റ്റാർട്ടപ്പ് എക്സ്പോ തുടങ്ങിയവ ഒരുക്കിയിരുന്നു.

# മൺസൂൺ ചെക്ക്അപ്പ് ക്യാമ്പുമായി ഹോണ്ട കാർസ് ഇന്ത്യ

**ന്യൂഡൽഹി:** പ്രീമിയം കാറുകളുടെ മുൻനിര നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) ജൂൺ 30 വരെ രാജ്യത്തുടനീളമുള്ള അംഗീകൃത ഡീലർഷിപ്പുകളിൽ മൺസൂൺ സർവീസ് ക്യാമ്പ് പ്രഖ്യാപിച്ചു.കമ്പനിയുടെ ഉപഭോക്തൃ കേന്ദ്രീകൃത സംരംഭങ്ങളുടെ ഭാഗമായി, ക്യാമ്പ് ഉടമകൾക്ക് സൗജന്യ 32പോയിന്റ് കാർ ചെക്കും ടോപ്പ് വാഷും ഒപ്പം വൈപ്പർ ബ്ലേഡ്/റബ്ബർ, ടയർ & ബാറ്ററി, ഡോർ റബ്ബർ സീൽ, ഹെഡ്ലാമ്പ് ക്ലീനിംഗ്, ഫ്രണ്ട് വിൻഡ്ഷീൽഡ് ക്ലീനിംഗ്, അണ്ടർബോഡി ആന്റി റസ്റ്റ് കോട്ടിംഗ്പോലുള്ള സേവനങ്ങൾ തുടങ്ങിയ ആകർഷകമായ സ്കീമുകളും വാഗ്ദാനം ചെയ്യുന്നുണ്ട്. ഇതുകൂടാതെ, ഉപഭോക്താക്കൾക്ക് മികച്ച എക്സ്ചേഞ്ച് വിലയ്ക്ക് അവരുടെ കാർ മൂല്യനിർണ്ണയവും നേടാനാകും.ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട അനുഭവം നൽകുന്നതിന് പ്രതിജ്ഞാബദ്ധമായ ഒരു കമ്പനി എന്ന നിലയിൽ, ഈ മൺസൂൺ ചെക്ക്അപ്പ് ക്യാമ്പ് സംഘടിപ്പിക്കുന്നതിന് തങ്ങളുടെ വിപുലമായ ഡീലർ ശൃംഖല സജ്ജമാണെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് മാർക്കറ്റിംഗ് & സെയിൽസ് വൈസ് പ്രസിഡന്റ് കുനാൽ ബെൽ പറഞ്ഞു.പരിശീലനം ലഭിച്ച പ്രൊഫഷണലുകളുടെ പിന്തുണയോടെ, ഈ സംരംഭം ആവശ്യമായ എല്ലാ പരിശോധനകളും നടത്തുകയും മൺസൂൺ സീസണിലുടനീളം സുരക്ഷിതവും തടസ്സരഹിതവുമായ ഡ്രൈവിംഗ് അനുഭവം ഉറപ്പാക്കുകയും ചെയ്യും. ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അടുത്തുള്ള ഡീലർഷിപ്പുകൾ സന്ദർശിക്കുക.സർവീസ് ക്യാമ്പിൽ, ഹോണ്ട സിറ്റിയുടെ ടെസ്റ്റ് ഡ്രൈവിലൂടെ ഹോണ്ട സെൻസിംഗിന്റെ നൂതനമായ അഡാസ സാങ്കേതികവിദ്യയും ഉപഭോക്താക്കൾക്ക് അനുഭവിക്കാൻ കഴിയുമെന്നും കുനാൽ ബെൽ പറഞ്ഞു.

# വരവറിയിച്ച് കിംഗ് ഓഫ് കൊത്തയുടെ പോസ്റ്റർ




**കൊച്ചി:** സിനിമാസ്വാദകർ ആകാംഷയോടെ കാത്തിരിക്കുന്ന പാൻ ഇന്ത്യൻ സൂപ്പർസ്റ്റാർ ദുൽഖർ സൽമാന്റെ കരിയറിലെ ഏറ്റവും വലിയ ബിഗ് ബഡ്ജറ്റ് മലയാള ചിത്രം കിംഗ് ഓഫ് കൊത്തയിലെ രാജാവിന്റെ വരവറിയിച്ച് പുതിയ പോസ്റ്റർ റിലീസായി. ഓണത്തിന് തിയേറ്ററുകളിലേക്കെത്തുന്ന മാസ്സ് എന്റർറ്റൈനെറിന്റെ സംവിധാനം അഭിലാഷ് ജോഷിയാണ്.ഇരുട്ട് വീണ വഴിയിൽ കാറിന്റെ മുകളിൽ ഇരിക്കുന്ന ദുൽഖറിനെയാണ് പോസ്റ്ററിൽ വ്യക്തമാകുന്നത്. രു കാലഘട്ടങ്ങളിലെ കഥയാണ് കിംഗ് ഓഫ് കൊത്ത പറയുന്നത്. ജേക്സ് ബിജോയ്, ഷാൻ റഹ്മാൻ എന്നിവരാണ് സംഗീതസംവിധാനം നിർവഹിക്കുന്നത്. ആക്ഷന് ഏറെ പ്രാധാന്യമുള്ള ചിത്രത്തിന്റെ സംഘട്ടനരംഗങ്ങളൊരുക്കുന്നത് രാജശേഖറാണ്. ഛായാഗ്രഹണം:നിമീഷ് രവി, സ്ക്രിപ്റ്റ് : അഭിലാഷ് എൻ ചന്ദ്രൻ, എഡിറ്റർ: ശ്യാം ശശിധരൻ, മേക്കപ്പ് :റോണെക്സ് സേവിയർ, വസ്ത്രാലങ്കാരം :പ്രവീൺ വർമ്മ, സ്റ്റിൽ :ഷുഹൈബ് എസ് ബി കെ, പ്രൊഡക്ഷൻകൺട്രോളർ :ദീപക് പരമേശ്വരൻ, മ്യൂസിക് : സോണി മ്യൂസിക്. ഹൈ ബഡ്ജറ്റഡ് മാസ്സ് ചിത്രം നിർമിക്കുന്നത് ദുൽഖർ സൽമാന്റെ വെഫേറർ ഫിലിംസും സീ സ്റ്റുഡിയോയും ചേർന്നാണ്.പി ആർ ഓ പ്രതീഷ് ശേഖർ.

# അന്താരാഷ്ട്ര യോഗാദിനം ആചരിച്ച് ഹയാത്ത് റീജൻസി



**തിരുവനന്തപുരം:** അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി യോഗ സെഷൻ സംഘടിപ്പിച്ച് ഹയാത്ത് റീജൻസി തിരുവനന്തപുരം. പ്രമുഖവ്യക്തികൾക്ക് പുറമെ നഗരത്തിലെ വിവിധ അസോസിയേഷനുകളിൽ നിന്നുള്ള 80 ഓളം പേർ പരിപാടിയുടെ ഭാഗമായി. യോഗ സെഷനുശേഷം ആരോഗ്യകരമായ പ്രഭാത ഭക്ഷണവും ഒരുക്കിയിരുന്നു.

# ആക്സിസ് ബാങ്ക് മൊബൈൽ ആപ്പിൽ വൺ വ്യൂ സംവിധാനം

**കൊച്ചി:** ആക്സിസ് ബാങ്കിന്റെ മൊബൈൽ ആപ്ലിക്കേഷനിൽ വൺവ്യൂ സംവിധാനം ഏർപ്പെടുത്തി. വിവിധ ബാങ്ക് അക്കൗുകൾ വീക്ഷിച്ച് ചെലവുകളും ബാലൻസും തൽക്ഷണം അറിയാൻ ഇതു സഹായകമാകും. അക്കൗ് അഗ്രിഗേറ്റർ സംവിധാനം പ്രയോജനപ്പെടുത്തിയുള്ള ഈ സൗകര്യം ലഭ്യമാക്കുന്ന ആദ്യ സ്വകാര്യ മേഖലാ ബാങ്കാണ് ആക്സിസ് ബാങ്ക് എന്ന് ആക്സിസ് ബാങ്ക് ഡിജിറ്റൽ ബിസിനസ് ട്രാൻസ്ഫോർമേഷൻ മേധാവി സമീർ ഷെട്ടി പറഞ്ഞു. ആക്സിസ് ബാങ്ക് ഇതര അക്കൗുകൾ ലിങ്കു ചെയ്യാനും അക്കൗ് ബാലൻസും ഇടപാടുകളും ഒരിടത്തു തന്നെ അറിയാനും ഇതു സഹായകമാകും. ഉപഭോക്താവിൻറെ സമ്മതവും ഡാറ്റയുടെ സ്വകാര്യതയുമാണ് ഇതുമായി ബന്ധപ്പെട്ട സുപ്രധാന സവിശേഷത. ആക്സിസ് ഇതര ബാങ്കുകളുടെ ഒരു അക്കൗ് മാത്രമായോ എല്ലാം ഒരുമിച്ചോ ഇതിൽ നിന്ന് ആവശ്യമാണെങ്കിൽ വേർപെടുത്താനും സാധിക്കും. ബന്ധിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗുകളുടെ വിവരങ്ങൾ ഇമെയിൽ ചെയ്യാനും ഡൗൺലോഡു ചെയ്യാനും ഇവിടെ സൗകര്യമുാകും. ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യം നൽകുകയും ഒന്നിലേറെ മൊബൈൽ ബാങ്കിങ് ആപ്ലിക്കേഷനുകൾ സൂക്ഷിക്കേ ആവശ്യം ഒഴിവാക്കുകയും ചെയ്യുന്നതാണ് ഇതെന്നും അദ്ദേഹം പറഞ്ഞു.

## അഹമ്മദാബാദ് ലുലു മാൾ നിർമ്മാണം:

# ഗുജറാത്ത് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി എം.എ. യൂസഫലി

- ലുലു മാളിനായി ആദ്യഘട്ടത്തിൽ 2,000 കോടി രൂപ മുതൽ മുടക്കും
- ഷോപ്പിംഗ് മാളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം
- ഗുജറാത്ത് സർക്കാരിന്റെ എല്ലാ വിധ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്ത് മുഖ്യമന്ത്രി



**അഹമ്മദാബാദ്:** കേരളം, കർണ്ണാടക, ഉത്തർ പ്രദേശ്, തമിഴ്നാട് എന്നി സംസ്ഥാനങ്ങൾക്ക് ശേഷം ഗുജറാത്തിലും പ്രവർത്തനം ആരംഭിക്കാനൊരുങ്ങി ലുലു ഗ്രൂപ്പ്. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലുമായി ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി കഴിഞ്ഞ ദിവസം അഹമ്മദാബാദിൽ വെച്ച് നടത്തിയ ചർച്ചയിലാണ് ഇത് സംബന്ധിച്ച തീരുമാനമുണ്ടായത്. ആദ്യഘട്ടത്തിൽ അഹമ്മദാബാദിൽ 2,000 കോടി രൂപ മുതൽ മുടക്കിൽ ലുലു മാൾ തുടങ്ങാനാണ് ഗ്രൂപ്പ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണെന്ന് എം.എ. യൂസഫലി മുഖ്യമന്ത്രിയെ അറിയിച്ചു. ഷോപ്പിംഗ് മാളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ തുടങ്ങാനാണ് തീരുമാനം. ഗുജറാത്ത് സർക്കാരിന്റെ എല്ലാ വിധ സഹായ സഹകരണങ്ങളും മുഖ്യമന്ത്രി ഉറപ്പ് നൽകി.രണ്ടാം ഘട്ടത്തിൽ ഗുജറാത്തിലെ മറ്റ് പ്രമുഖ നഗരങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാനും ഗ്രൂപ്പ് ലക്ഷ്യമിടുന്നുണ്ട്. ലോകോത്തര നിലവാരത്തിൽ 20 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിലാണ് മാൾ ഉയരുന്നത്. 200,000 ചതുരശ്രയടി വിസ്തീർണ്ണത്തിൽ ലുലു ഹൈപ്പർ മാർക്കറ്റ്, മുന്നൂറിൽപ്പരം ദേശീയ അന്തർദേശീയ വിവിദോദ്ദേശ ബ്രാൻഡുകൾ, 2,500 ആളുകൾക്ക് ഇരിക്കാവുന്ന വിശാലമായ ഫുഡ് കോർട്ട്, 16 സ്ക്രീൻ സിനിമ, കുട്ടികൾക്കായുള്ള വിനോദ കേന്ദ്രം, വിശാലമായ മൾട്ടി ലെവൽ പാർക്കിംഗ് എന്നിവ മാളിന്റെ സവിശേഷതകളായിരിക്കും ഗുജറാത്ത് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി കെ. കൈലാസനാഥൻ, ലുലു ഇന്ത്യ ഡയറക്ടർ ഏ.വി. ആനന്ദ് റാം, ലുലു ഇന്ത്യ ചീഫ് ഓപ്പറേഷൻസ് ഓഫിസർ രജിത് രാധാകൃഷ്ണൻ നായർ എന്നിവരും യോഗത്തിൽ സംബന്ധിച്ചു.

## പാവക്കുളം ക്ഷേത്രത്തിൽ മഹാരുദ്രജപയഞ്ജത്തിന് ഇന്ന് തുടക്കം

**കൊച്ചി:** പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലെ പ്രതിഷ്ഠാദിന മഹോൽസവത്തിനു മുന്നോടിയായുള്ള മഹാരുദ്രജപയഞ്ജത്തിന് ഇന്ന് തുടക്കമാകും. കാലടി ശൃംഗേരി മഠം വേദപാഠശാല പ്രിൻസിപ്പാൾ ബ്രഹ്മശ്രീ എച്ച്.ആർ നരേന്ദ്രഭട്ട് ശാസ്ത്രികളുടെ മുഖ്യകാർമ്മികത്വത്തിൽ ജൂലൈ മൂന്നു വരെയാണ് മഹാരുദ്രജപയഞ്ജം നടക്കുന്നതെന്ന് പാവക്കുളം ക്ഷേത്രസമിതി പ്രസിഡന്റ് ടി. പങ്കജാക്ഷൻ അറിയിച്ചു.ഇന്ന് മുതൽ ജൂലൈ രണ്ടുവരെ രാവിലെ എട്ടു മുതൽ മഹാശിവപുരാണ പാരായണവും ഉണ്ടാകും. ജൂലൈ മുന്നിനാണ് പ്രതിഷ്ഠാ ദിനം.

## മൊബൈൽ ലോക് അദാലത്ത്

**കൊല്ലം:** ജില്ലാ നിയമ സേവന അതോററ്റിയുടെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ താലൂക്കുകളിൽ സൗജന്യ നിയമ സേവനവും നിയമ സഹായവും നൽകുതിനായി കെൽസയുടെ നേതൃത്വത്തിൽ സഞ്ചരിക്കുന്ന ഒരു മാസം നീണ്ടു നിൽക്കു ലോക് അദാലത്തിന് തുടക്കമായി. ഫ് ളാഗ് ഓഫ് ജില്ലാ നിയമ സേവന അതോറിറ്റി ചെയർമാനും പ്രിൻസിപ്പൽ ജില്ലാ ആൻഡ് സെഷൻസ് ജഡ്ജുമായ എം ബി സ്നേഹലത നിർവഹിച്ചു. ജില്ലാ നിയമസേവന അതോറിറ്റി സെക്രട്ടറി പി മഞ്ജു അധ്യക്ഷത വഹിച്ചു

## ലിയോ ഫസ്റ്റ് ലുക്ക് പോസ്റ്റർ : വിജയ് യുടെ പിറന്നാൾ ആഘോഷത്തിന് തീപ്പൊരി തുടക്കം



**കൊച്ചി:** ലോകത്തെമ്പാടുമുള്ള ദളപതി വിജയ് ഫാൻസിന് വിജയുടെ 49ാമത് ജന്മനാൾ ആഘോഷത്തിന്റെ തുടക്കം കുറിക്കാൻ തീപ്പൊരി ഫസ്റ്റ് ലുക്ക് റിലീസ് ചെയ്ത് സംവിധായകൻ ലോകേഷ് കനകരാജും ലിയോ ടീമും. ഒക്ടോബർ 19 ന് തിയേറ്ററുകളിൽ എത്തുന്ന ബ്രഹ്മാണ്ഡ കൊമേർഷ്യൽ ചിത്രത്തിന്റെ ആദ്യ ഒഫിഷ്യൽ പോസ്റ്റർ ആണ് ദളപതിയുടെ പിറന്നാൾ ദിനത്തിന്റെ ആദ്യ സെക്കന്റിൽ പുറത്തിറക്കിയത്. വിജയ് ആലപിച്ച ഞാൻ റെഡിയാ എന്ന ലിയോയിലെ ആദ്യ ഗാനം കുറച്ചു മണിക്കൂറുകൾക്കു ശേഷം അണിയറപ്രവർത്തകർ റിലീസ് ചെയ്യും. മുൻ സിനിമകളെ പോലെ ഒരു ദിനം മുന്നേ സസ്പെൻസുകൾ പുറത്തുവിടാത്ത വിജയുടെ പിറന്നാൾ ദിനം പൂർണമായും കളർഫുൾ ആകുകയാണ് ടീം ലിയോ. ലോകേഷ് സൃഷ്ടിച്ച സ്വദേശീയ പ്രപഞ്ചം കമൽ ഹാസൻ, സൂര്യ തുടങ്ങി വമ്പൻ താരങ്ങളുടെ സാന്നിധ്യത്തിൽ സമ്പന്നമാണ്. സൂപ്പർ താരം വിജയിനോടൊപ്പം ഈ ലോകത്തിലേക്ക് എന്ത് കൂട്ടിച്ചേർക്കൽ എന്നതിനെക്കുറിച്ചുള്ള ആകാംഷയാണ് പ്രേക്ഷകർക്ക്. ദളപതി വിജയുടെ ജന്മദിനത്തിൽ ലിയോയുടെ ഫസ്റ്റ് ലുക്ക് പുറത്തിറങ്ങും; ഇത് ഘഌഡ യുടെ ഭാഗമാകുമെന്ന് ആരാധകർ പ്രതീക്ഷിക്കുന്നു.ദളപതി വിജയുടെ അറുപത്തി എഴാമത്തെ ചിത്രമാണ് ലിയോ. ദളപതിയ്ക്കൊപ്പം തൃഷ, സഞ്ജയ് ദത്ത്, അർജുൻ സർജ, ഗൗതം വാസുദേവ് മേനോൻ, മൻസൂർ അലി ഖാൻ എന്നിവരടങ്ങുന്ന സംഘമാണ് ലിയോയിലുള്ളത്. അനിരുദ്ധിന്റെ സംഗീതം സംവിധാനത്തിൽ ഒരു സുവർഷോട്ട് എന്റർടെയ്നർ പ്രേക്ഷകരെകാത്തിരിക്കുന്നു.സെവൻ സ്ക്രീൻ സ്റ്റുഡിയോ, ദി റൂട്ട് എന്നിവയുടെ ബാനറുകളിൽ ലളിത് കുമാറും ജഗദീഷ് പളനിസാമിയും ചേർന്ന് നിർമ്മിക്കുന്ന ചിത്രം മാസ്റ്റർ ക്രാഫ്റ്റ്സ്മാൻ ലോകേഷ് കനകരാജാണ് ഒരുക്കുന്നത്.വാരിസിനും മാസ്റ്ററിനും ശേഷം സെവൻ സ്ക്രീൻ സ്റ്റുഡിയോസ് നിർമിക്കുന്ന ചിത്രമാണ് ദളപതി 67. ഡി ഓ പി : മനോജ് പരമഹംസ, ആക്ഷൻ : അൻപറിവ് , എഡിറ്റിങ് : ഫിലോമിൻ രാജ്, ആർട്ട് : എൻ. സതീഷ് കുമാർ , കൊറിയോഗ്രാഫി : ദിനേഷ്, ഡയലോഗ് : ലോകേഷ് കനകരാജ്,രത്ന കുമാർ & ധീരജ് വൈദി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ : രാം കുമാർ ബാലസുബ്രഹ്മണ്യൻ. പി ആർ ഓ : പ്രതീഷ് ശേഖർ.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663